പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : T * 331 9.07.2008-ൽ മറുപടിയ്ക്ക്

ക്രീമിലെയർ നിശ്ചയിക്കുന്നതിനുള്ള വരുമാന പരിധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.മഞ്ഞളാംകുഴി അലി. | ശ്രീ. എ.കെ.ബാലൻ,<br>പട്ടിക സമുദായ<br>ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി |
| (എ) ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ വിളിച്ചു ചേർത്ത യോഗത്തിൽ കേരളത്തിൽ നിന്നും ആരെല്ലാം പങ്കെടുത്തു; | (എ) ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാന ക്രീമിലെയർ നിർണ്ണയ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ശ്രീ.ആർ.രാജേന്ദ്രബാബുവും, പട്ടിക ജാതി / പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി. ശ്രീ.ജെ.സുധാകരൻ ഐ.എ.എസും പങ്കെടുത്തിരുന്നു. |
| (ബി) ക്രീമിലെയർ നിശ്ചയിക്കുന്നതിനുള്ള വരുമാന പരിധി സംബന്ധിച്ച് കേരളത്തിന്റെ നിർദ്ദേശം എന്തായിരുന്നു; നിലവിലെ വരുമാന പരിധി എത്രയാണ്; | (ബി) ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ. ടി യോഗത്തിൽ ക്രീമിലെയർ നിർണ്ണയി ക്കുന്നതിനുള്ള വരുമാന പരിധി എത്രവരെയാകാമെന്ന് സംസ്ഥാന കമ്മീഷനുകളുടെ അഭിപ്രായം ആരായു കയുണ്ടായി. കൂടുതൽ സംസ്ഥാനങ്ങളും 5 ലക്ഷം രൂപ വരെയാകാമെന്ന് അഭിപ്രായപ്പെടുക യുണ്ടായി. സംസ്ഥാന ക്രീമിലെയർ വരുമാന പരിധി നിശ്ചയിക്കുന്ന കാര്യം കമ്മീഷന്റെ |

| | | | |
|---|---|---|---|
| | | | സജീവ പരിഗണനയിൽ ആയതിനാൽ കൃത്യമായി ഒരു തുക നിരദ്ദേശിക്കുകയുണ്ടായില്ല. കേന്ദ്രത്തിന്റെ നിലവിലുള്ള വരുമാന പരിധി 2.5 ലക്ഷവുമാണ്. |
| (സി) | ക്രീമിലെയർ നിശ്ചയിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ സർക്കാരിന് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു നടപ്പാക്കിയിട്ടുള്ള 2.5 ലക്ഷം രൂപ താൽക്കാലികമായി നിശ്ചയിച്ച് 7/8/2007-ൽ ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിനു സമർപ്പിയ്ക്കുകയും അത് സർക്കാർ അംഗീകരിച്ച് സ.ഉ (അച്ചടി)നം.46/2007/പജപവവിവ തീയതി 25/08/2007, സ.ഉ.(അച്ചടി) നം.4/2008/പജപവവിവ തീയതി 3/1/2008 എന്നീ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ക്രീമിലെയർ കണ്ടെത്താൻ ഉദ്യോഗസ്ഥരുടെ ശമ്പളവും കൃഷി ഭൂമിയിൽ നിന്നുള്ള വരുമാനവും പരിഗണിക്കാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട്. ക്രീമിലെയർ പരിധി നിർണ്ണയിക്കുന്നതിനുള്ള വാർഷിക വരുമാനം കണക്കാക്കുമ്പോൾ കാറ്റഗറി VI-ൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിയുടെ മാതാപിതാക്കളുടെ ശമ്പളത്തിൽ നിന്നുള്ള വരുമാനമോ കൃഷി ഭൂമിയിൽ നിന്നുള്ള വരുമാനമോ പരിഗണിക്കാൻ പാടില്ല എന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള വരുമാനം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ ഉണ്ടെങ്കിൽ അവർ ക്രീമിലെയർ പരിധിയിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.332. 9-7-2008 ൽ മറുപടിയ്ക്ക്.

## വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. എം.ജെ.ജേക്കബ്<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. എം.കെ.പുരുഷോത്തമൻ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br><br>(ബഹു.ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി.) |
| (എ) വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ കെട്ടിക്കിടക്കുന്ന പഴക്കം ചെന്ന വിജിലൻസ് കേസുകളുടേയും വിജിലൻസ് അന്വേഷണങ്ങളുടേയും പുതിയ കേസുകളുടേയും അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിച്ചു വരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന അഴിമതി കൂടുതലുള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ |

| | |
|---|---|
| | നവീകരണത്തിന്റെ ഭാഗമായി 2006-07 ൽ 14 പുതിയ വാഹനങ്ങളും 2007-08 ൽ 26 പുതിയ വാഹനങ്ങളും നൽകുകയുണ്ടായി. സംസ്ഥാനത്തെ വിജിലൻസ് കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിന് കോട്ടയം ആസ്ഥാനമാക്കി ഒരു വിജിലൻസ് കോടതി കൂടി രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. എല്ലാ ജില്ലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഓഫീസുകളിലേക്കും ഫാക്സ് യന്ത്രങ്ങൾ വാങ്ങുകയും, ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണ്. പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനു മാത്രമായി നാലു ഡെഡിക്കേറ്റഡ് ടെലിഫോൺ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. വിജിലൻസിന്റെ ഇ.മെയിൽ അഡ്രസ് വഴിപൊതുജനങ്ങൾക്ക് പരാതി നൽകാനുള്ള സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി)വിജിലൻസ് കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കുന്നതിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ട് ; | ബി) അന്വേഷണത്തിലിരിക്കുന്ന കേസുകളുടെ എണ്ണം 2006 മാർച്ച് 31 ന് 513 ആയിരുന്നത് 2007 മാർച്ച് 31 ന് 485 ആയും, 2008 മാർച്ച് 31 ന് 417 ആയും കുറച്ച് കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| | 2005-2006 ൽ 127 ഉം 2006-2007 ൽ 156 ഉം, 2007-2008 ൽ 198 ഉം വിജിലൻസ് കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.<br>2005-2006 ൽ 39 ഉം, 2006-2007 ൽ 38 ഉം, 2007-2008 ൽ 21 ഉം ട്രാപ്പ് കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.<br>2005-2006 ൽ 90 ഉം , 2006-2007 ൽ 76 ഉം, 2007-2008 ൽ 101 ഉം വിജിലൻസ് കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) ഇപ്പോൾ എത്ര വിജിലൻസ് കേസ്സുകൾ നിലവിലുണ്ട് ; | (സി) 417 വിജിലൻസ് കേസുകൾ നിലവിലുണ്ട്. |
| (ഡി) വിജിലൻസ് വകുപ്പിൽ പ്രഗത്ഭരും മെച്ചപ്പെട്ട സേവന ചരിത്രമുള്ളവരുമായ പോലീസുകാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) വിജിലൻസ് വകുപ്പിൽ പ്രഗത്ഭരായ പോലീസുകാരെ തന്നെയാണ് ഇപ്പോൾ നിയമിച്ചു വരുന്നത്.<br><br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .333 — 09.07.2008ൽ മറുപടിക്ക്

## രാജീവ് ഗാന്ധി ഗ്രാമീൺ വിദ്യുത് യോജന

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ :<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ :<br>ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ.കെ.സി. രാജഗോപാലൻ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) ഗ്രാമീണ വൈദ്യുതീകരണത്തിനുള്ള രാജീവ് ഗാന്ധി ഗ്രാമീൺ വിദ്യുത് യോജന സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള തത്വത്തിലുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും 31-03 -2005 ൽ ലഭിച്ചിരുന്നു. ഇതിൽ ഇടുക്കി ജില്ലയിൽ പദ്ധതി പ്രകാരം വൈദ്യുതീകരണം നടത്തുന്നതിനുള്ള അനുമതിയും, ആദ്യ ഗഡുവായ 5.12 കോടി രൂപയും ലഭിച്ചു. അതിൻ പ്രകാരം വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരുന്നു.

എന്നാൽ 02-06-2008 കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച അറിയിപ്പനുസരിച്ച് കേരളത്തിലെ RGGVY പദ്ധതികൾ നിർത്തിവെച്ചതായും കേരളത്തിലെ ഇടുക്കിയൊഴിച്ചുള്ള ജില്ലകളെ പതിനൊന്നാം പദ്ധതിയിലെ ആർ.ജി.ജി.വി.വൈ രണ്ടാം ഘട്ടത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഇതനുസരിച്ച് ഇടുക്കിയൊഴിച്ചുള്ള ജില്ലകളിലെ പദ്ധതികൾ ഉടനടി നടപ്പാക്കാൻ കഴിയുന്നതല്ല.

(ബി) പദ്ധതിയുടെ പ്രവൃത്തികൾ ഏതു ഏജൻസിയെയാണ് ഏൽപിച്ചിട്ടുള്ളത് ;

(ബി) ഇടുക്കി ജില്ലയിൽ പദ്ധതി പ്രകാരം വൈദ്യുതീകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല ഹൈദ്രാബാദിലെ ഐ.സി.എസ്.സി

| | | | |
|---|---|---|---|
| | | | (ഇൻഡ്യാ) ലിമിറ്റഡിനെ ഏൽപ്പിച്ചിരിക്കുകയാണ്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ 6 ജില്ലകൾക്കുവേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്നതിനും, ടേൺകീ ടെണ്ടർ വിളിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള ചുമതല എൻ.റ്റി. പി.സി. ഇലക്ട്രിക് സപ്ലൈ കമ്പനി ലിമിറ്റഡിനെ ഏൽപ്പിച്ചിരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച 02-06-08 ന് കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച അറിയിപ്പനുസരിച്ച് ഈ ജില്ലകളിലെ പ്രവർത്തനം അനിശ്ചിതത്വത്തിലാണ്. |
| (സി) | തെക്കൻ ജില്ലയിലെ പണികൾക്കുള്ള എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (സി) | തെക്കൻ ജില്ലയിൽ പദ്ധതി നടപ്പിലാക്കാനുള്ള തത്വത്തിലുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ 02-06-08 -ലെ കേന്ദ്രസർക്കാരിൽ നിന്നുള്ള അറിയിപ്പനുസരിച്ച് തെക്കൻ ജില്ലകളിലെ ആർ.ജി.ജി.വി.വൈ. പദ്ധതികൾ അനിശ്ചിതത്വത്തിലാണ്. |
| (ഡി) | പദ്ധതി പൂർത്തിയാകുന്നതോടെ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) | പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ കേരളത്തിലെ ഏകദേശം നാല് ലക്ഷത്തോളം ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ സാധിക്കും. ഇതിൽ 2 ലക്ഷത്തോളം വീടുകൾ ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്ന കുടുംബങ്ങളുടേതാണ്. |

Kumara Ram

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *334. 9.7.2008 ന് മറുപടിയ്ക്ക്

### ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതി

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീ. എ. എം. ആരിഫ്:<br>ശ്രീ. ബാബു എം. പാലിശ്ശേരി:<br>ശ്രീ. എ. പ്രദീപ് കുമാർ: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി). |
| (എ) ഐ.റ്റി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള മൂന്നുതരം പദ്ധതികൾ കേരളത്തിൽ നടപ്പാക്കിവരുന്നു. അവ താഴെപ്പറയുന്നവയാണ്.<br><br>(1) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന പദ്ധതി, ഇതു പ്രകാരം പദ്ധതി ചെലവ് 75% കേന്ദ്രവും 25% സംസ്ഥാനവും വഹിക്കുന്ന പദ്ധതിയാണിത്. ചാക്ക, കൊല്ലം ഏറ്റുമാന്നൂർ, കളമശ്ശേരി, ചാലക്കുടി എന്നീ ഐ.ടി.ഐ. കളാണ് ഈ പദ്ധതിയിൻ കീഴിൽ വരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഓരോ ഐ.ടി.ഐ.യ്ക്കും 1.60 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് 2008-09 ൽ അവസാനിക്കും.<br><br>(2) ലോക ബാങ്കിന്റെ സഹായത്തോടു-കൂടി നടപ്പിലാക്കുന്ന പദ്ധതി - 2006-07 ൽ ആരംഭിച്ചതാണ് ഈ പദ്ധതി. അഞ്ചുവർഷം കൊണ്ട് പൂർത്തിയാകുന്ന ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള ഓരോ ഐ.ടി.ഐ. ക്കും 3 കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനായുള്ള തുക സംസ്ഥാനം വഹിക്കുകയും ചെലവാക്കൽ സംബന്ധിച്ച രേഖകൾ നൽകുന്ന മുറയ്ക്ക് ചെലവാകുന്ന തുകയുടെ 75% കേന്ദ്ര സർക്കാർ മുഖേന ലോക ബാങ്കിൽ നിന്നും ലഭ്യമാക്കും. ധനുവച്ചപുരം, കൊല്ലം (വനിത), പള്ളിക്കത്തോട്, മലമ്പുഴ എന്നീ ഐ.ടി.ഐ. കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

(3) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ ആറ്റിങ്ങൽ, ചെങ്ങന്നൂർ, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നീ ഐ.ടി.ഐ. കളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പ് ഇൻഡസ്ട്രിയൽ പാർട്ട്ണർ ചെയർമാനായുള്ള ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെൻറ് കമ്മിറ്റി മുഖാന്തിരമാണ് നടത്തുന്നത്. ഇത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓരോ ഐ.ടി.ഐ. സൊസൈറ്റിക്കും 2.50 കോടി രൂപവീതം പലിശരഹിത വായ്പയായി നേരിട്ട് നല്കിയിട്ടുണ്ട്. 30 വർഷം കൊണ്ട് വായ്പാ തുക തിരിച്ചടക്കേണ്ട പദ്ധതിയാണിത്. പദ്ധതി ആരംഭിച്ച് 11-ാം വർഷം മുതൽ തിരിച്ചടച്ചാൽ മതിയാകും. സൊസൈറ്റി തന്നെയാണ് വായ്പ തിരിച്ച് അടക്കേണ്ടത്.

| | |
|---|---|
| (ബി) പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൻെറ സഹായം ലഭിക്കുമോ; | (ബി) ടി പദ്ധതിക്ക് മേൽ വിവരിച്ച പ്രകാരം കേന്ദ്ര സർക്കാരിൻെറ ധന സഹായം ലഭിക്കുന്നുണ്ട്. |
| (സി) ഈ കേന്ദ്രങ്ങളിൽ പഠിക്കുന്നവർക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) പരിശീലനം പൂർത്തിയാക്കുന്നവർക്ക് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കാൻ കഴിയും വിധമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുമോ? | (ഡി) ടി പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഐ.ടി.ഐ. കളിലും ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെൻറ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന പരിശീലനാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേക്കായി എല്ലാ ഐ.ടി.ഐ. കളിലും പ്ലേസ്മെൻറ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) ഈ സർക്കാർ വന്നതിനു ശേഷം എത്ര ഐ.ടി.ഐ. കളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം 9 ഐ.ടി.ഐ. കളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## 8-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 335 — 09 07 2008-ൽ മറുപടിക്ക്

# സ്കൂൾ കുട്ടികളെ വാഹനങ്ങളിൽ കുത്തിനിറച്ച് കൊണ്ടുപോകുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജോർജ് മേഴ്സിയർ<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ ബസ്സുകളിലും വാനുകളിലും കുട്ടികളെ കുത്തി നിറച്ചു കൊണ്ടുപോകുന്നതു തടയാൻ ട്രാഫിക് പോലീസിനു നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. സ്കൂൾ ബസ്സുകളിലും വാനുകളിലും കുട്ടികളെ കുത്തി നിറച്ചുകൊണ്ടു പോകാതിരിക്കാനും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കാനും ട്രാഫിക് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) ഇത്തരത്തിൽ കുട്ടികളെ കൊണ്ടുപോകുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനു നിർദ്ദേശം നൽകുമോ; | ബി) ഇത്തരത്തിൽ കുട്ടികളെ കൊണ്ടുപോകുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) ഈ അദ്ധ്യയനവർഷം ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | സി) ഈ അദ്ധ്യയനവർഷം ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് 4 ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 20 പെറ്റീകേസ്സുകളിലായി 2800/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 336

09.07.2008-ൽ മറുപടിയ്ക്ക്

## ഇടുക്കി ജില്ലയിലെ കാർഷിക പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഇടുക്കി ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | എ) ഇല്ല. |
| ബി) ഏതെല്ലാം വകുപ്പുകളുടെ അംഗീകാരമാണ് ഇനി ലഭിക്കാനുള്ളത്; | ബി) കേന്ദ്ര സർക്കാരിന്റെ അംഗീകാരമാണ് ലഭിക്കാനുള്ളത്. |
| സി) ഇടുക്കി പാക്കേജിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | സി) ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | പ്രവർത്തനങ്ങൾ | അടങ്കൽ തുക (കോടി രൂപ) |
|---|---|---|
| 1 | അടിസ്ഥാന വികസനം | 9.80 |
| 2 | പരിസ്ഥിതി സുരക്ഷിതത്വം | 6.80 |
| 3 | വിപണനം | 2.59 |
| 4 | ഗ്രാമീണ റോഡുകൾ | 250 |
| 5 | കൃഷിസ്ഥലം സംരക്ഷിക്കൽ | 92.50 |
| 6 | ഗവേഷണം | 100 |

| | | |
|---|---|---|
| 7 | ഏലം കർഷകരുടെ ദുരിത നിവാരണത്തിന് | 336.90 |
| 8 | കുരുമുളക് കർഷകരുടെ ദുരിത നിവാരണത്തിന് | 118.10 |
| 9 | പഴം പച്ചക്കറി വികസനം | 18.28 |
| 10 | ചെറുകിട കാപ്പി കൃഷിക്കാരുടെ വരവ് വർദ്ധിപ്പിക്കുന്നതിന് | 5.65 |
| 11 | തേയില കൃഷിക്കാരുടെ ഉന്നമനത്തിന് | 30.50 |
| 12 | തെങ്ങു കൃഷിയിൽ നിന്നുള്ള വരുമാന വർദ്ധനവിന് | 63.30 |
| 13 | മൃഗസംരക്ഷണ പ്രവർത്തനത്തിന് | 91.15 |
| 14 | മറ്റു വിഷയങ്ങൾ | 0.40 |
| 15 | വായ്പ ഇളവ് | 750 |
| | | 1875.97 |

ഡി) ഇത് നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ;

ഡി) കമ്മീഷന്റെ ശുപാർശയിന്മേൽ 29.5.2008 -ൽ ന്യൂഡൽഹിയിൽ വച്ച് കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടക്കുകയുണ്ടായി. ഈ യോഗത്തിൽ ഇതു സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ട്.

ഇ) പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഇ) കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 337     09.07.2008 ൽ മറുപടിയ്ക്ക്

## സൂര്യപ്രകാശത്തിൽ നിന്ന് വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. സാജു പോൾ<br>ശ്രീമതി ഇ. എസ്. ബിജി മോൾ<br>ശ്രീ. എ. കെ. ചന്ദ്രൻ | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിൽ സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന വിവിധ പദ്ധതികൾ നിലവിലുണ്ട്.<br>1. സോളാർ പവർ പ്ലാന്റുകൾ 11 എണ്ണം - 40.04 KW<br>2. സോളാർ ഗാർഹിക വിളക്ക് - 18,888 x 35 W = 661.08 KW<br>3. വൈദ്യുത ശൃംഖലയിൽ നേരിട്ട് ബന്ധിപ്പിച്ചിട്ടുള്ളത് - 25.00 KW<br>4. സോളാർ തെരുവ് വിളക്കുകൾ - 965 x 70 W - 67.55 KW<br>5. സോളാർ ലാന്റേണുകൾ - 1.5 ലക്ഷം x 10 W = 1500.00 KW<br>6. സോളാർ വാട്ടർ പമ്പിംഗ് സിസ്റ്റം - 252 x 1000W = 252.00 KW<br>ആകെ വൈദ്യുതി (സ്ഥാപിതശേഷി) - 2.54567 MW<br>(ഇത് പ്രതിദിനം 10,000 യൂണിറ്റിന് തുല്യമാണ്) |

(ബി) ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കേന്ദ്ര സബ്സിഡി ലഭിക്കുന്നുണ്ടോ, എങ്കിൽ യൂണിറ്റൊന്നിന് എത്ര രൂപ ലഭിക്കുന്നുണ്ട്;

(ബി) കേന്ദ്ര സബ്സിഡി ലഭ്യമാണ്. ഓരോ പദ്ധതിക്കും വെവ്വേറെ സബ്സിഡി ലഭ്യമാണ്. സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന സോളാർ പവർ പ്ലാന്റുകൾ, സോളാർ ഗാർഹിക വിളക്ക്, സോളാർ തെരുവ് വിളക്കുകൾ, സോളാർ വാട്ടർ പമ്പിംഗ് സിസ്റ്റം എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ 90% ധനസഹായത്തോട് കൂടിയും സോളാർ ലാന്റേണുകൾ 1500 രൂപ കേന്ദ്ര സർക്കാരിന്റെയും 500 രൂപ സംസ്ഥാന സർക്കാരിന്റെയും ധനസഹായത്താൽ ഗുണഭോക്താക്കൾക്ക് 1550 രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുള്ളതുമാണ്. വൈദ്യുതി ശൃംഖലയിൽ നേരിട്ട് ബന്ധിപ്പിച്ചിട്ടുള്ള പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ഡെമോൺസ്ട്രേഷൻ പ്രോജക്ടായി തിരുവനന്തപുരം വൈദ്യുതി ഭവനു മുകളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ് (60 ലക്ഷം രൂപ കേന്ദ്ര സർക്കാർ, 26.5 ലക്ഷം രൂപ സംസ്ഥാന സർക്കാർ). വൈദ്യുത ശൃംഖലയിൽ നേരിട്ട് ബന്ധിപ്പിക്കാവുന്ന ഏറ്റവും കുറഞ്ഞ ഒരു മെഗാവാട്ട് കപ്പാസിറ്റിയിലുള്ള സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് യൂണിറ്റൊന്നിന് 12 രൂപാ നിരക്കിൽ കേന്ദ്ര സഹായത്തിന് അർഹതയുണ്ട്. അത്തരത്തിലൊരു പദ്ധതിക്ക് അനെർട്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇത്തരത്തിലുള്ള വൈദ്യുതി യൂണിറ്റൊന്നിന് എത്ര രൂപ നിരക്കിൽ വൈദ്യുതി ബോർഡ് വിൽക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ബാധകമല്ല.

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ സൂര്യപ്രകാശത്തിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

(ഡി) കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ച വൈദ്യുത ശൃംഖലയിൽ നേരിട്ട് ബന്ധിപ്പിക്കാവുന്ന ഏറ്റവും കുറഞ്ഞ ഒരു മെഗാവാട്ട് കപ്പാസിറ്റിയിലുള്ള സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് യൂണിറ്റൊന്നിന് 12 രൂപാ നിരക്കിൽ കേന്ദ്ര സഹായത്തിന് അർഹതയുണ്ട്. അത്തരത്തിലൊരു പദ്ധതിക്ക് അനെർട്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി വിവിധ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 338. 9/7/2008 - ൽ മറുപടിക്ക്

## പോലീസിലെ ഉയർന്ന തസ്തികകളിലെ വനിതാ പ്രാതിനിധ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ :<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീമതി. കെ. കെ. ലതിക : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ലോക്കൽ പോലീസിൽ ഉയർന്ന തസ്തികകളിൽ വനിതാ പ്രാതിനിധ്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഉണ്ട്. |
| (ബി) സബ് ഇൻസ്പെക്ടർ മുതലുള്ള തസ്തികകളിലെ വനിതാ പ്രാതിനിധ്യം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | കേരളാ പോലീസിൽ 74 വനിതാ എസ്.ഐ. മാരും 21 വനിതാ ഇൻസ്പെക്ടർമാരും ഒരു വനിതാ ഡി.വൈ.എസ്.പി. യും ഒരു വനിതാ എസ്സ്. പി. യും 3 വനിതാ ഐ. പി. എസ്സ് ഉദ്യോഗസ്ഥരും ജോലി നോക്കുന്നു. |
| (സി) സബ് ഇൻസ്പെക്ടർ കേഡറിലേയ്ക്ക് വനിതാ ഉദ്യോഗാർത്ഥികളെ പി.എസ്.സി മുഖേന നേരിട്ടു തെരഞ്ഞെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (സി) ആൻറ് (ഡി) :<br>സബ് ഇൻസ്പെക്ടർ കേഡറിലേക്ക് വനിതാ ഉദ്യോഗാർത്ഥികളെ പി.എസ്സ്. സി മുഖേന നേരിട്ട് നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. ഇത് സംബന്ധിച്ച ഉത്തരവ് താമസംവിനാ സർക്കാർ പുറപ്പെടുവിക്കുന്നതാണ്. |
| (ഡി) വനിതകളെ എസ്. ഐ. തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 339</u> <u>9/7/2008-ൽ മറുപടിക്ക്</u>

## <u>ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി**<br>**ശ്രീ. പി.വിശ്വൻ**<br>**ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗസ്**<br>**ശ്രീ.സി.കെ. സദാശിവൻ** | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**(കൃഷി വകുപ്പു മന്ത്രി)** |
| എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | എ) തെങ്ങ്, റബ്ബർ, തേയില, കാപ്പി എന്നിവ ഒഴികെയുള്ള നാണ്യവിളകൾ, സുഗന്ധവ്യഞ്ജന വിളകൾ, പഴവർഗങ്ങൾ, പച്ചക്കറികൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയ വിളകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതാണ് ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ. മേൽപ്പറഞ്ഞ വിളകളുടെ നടീൽവസ്തുക്കളുടെ ഉത്പാദനം മുതൽ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങൾ ഈ പദ്ധതി വഴി നടപ്പിലാക്കുന്നു. കേരളത്തിൽ കൃഷി ചെയ്യുന്ന നാണ്യവിളകൾ, സുഗന്ധ വ്യഞ്ജന വിളകൾ പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഔഷധ വിളകൾ, പുഷ്പങ്ങൾ തുടങ്ങിയ വിളകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ. നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, പച്ചക്കറി വിത്തുല്പാദനം, വിത്തുസംസ്ക്കരണത്തിന് ആധുനിക സംവിധാനം, പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, ജലസംഭരണികളുടെ നിർമ്മാണം, സംരക്ഷിതകൃഷി, സംയോജിത |

| | | |
|---|---|---|
| | | രോഗകീടനിയന്ത്രണം, ജൈവകൃഷി, തേനീച്ച വളർത്തൽ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, കൂൺ ഉൽപാദനം, കാർഷികോൽപന്നങ്ങളുടെ സംസ്ക്കരണവും, വിപണനവും മുതലായ പദ്ധതികൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) | മിഷന്റെ ആഭ്യമുഖ്യത്തിൽ ഏതെല്ലാം നഴ്സറികൾ പ്രവർത്തിക്കുന്നുണ്ട് ; | ബി) മിഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ ഫാമുകളിലും, കർഷകന്റെ ഭൂമിയിലും നഴ്സറികൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന നഴ്സറികൾ പ്രവർത്തിക്കുന്നുണ്ട്. പൊതുമേഖലയിൽ. മാവ്(1), കിഴങ്ങ് വർഗ്ഗങ്ങൾ(1), വാഴ(3), കുരുമുളക് (4), പുഷ്പകൃഷി (1) എന്നിവയുടെ മാതൃകാ നഴ്സറികളും, കുരുമുളക് (1), വാഴ (2), കൈതച്ചക്ക (3), കൂൺ (3), മൈനർ ഹോർട്ടികൾച്ചർ വിളകൾ (3), കശുമാവ് (1) എന്നിവയുടെ ചെറിയ നഴ്സറികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ വാഴ (10), ഇഞ്ചി (1), പുഷ്പകൃഷി (1), കിഴങ്ങ് വർഗ്ഗങ്ങൾ (2), കൂൺ (5) കൈതച്ചക്ക (1) എന്നിവയുടെ ചെറിയ നഴ്സറികളും വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. |
| സി) | നഴ്സറികൾ നിർമ്മിക്കുന്നവർക്ക്, മിഷൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ടോ ; | സി) നഴ്സറികൾ നിർമ്മിക്കുന്നവർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ അതാത് കൃഷിഭവൻ മുഖാന്തിരം നൽകുന്നതാണ്. |
| ഡി) | ടിഷ്യുകൾച്ചർ രംഗത്ത് മിഷൻ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | ഡി) നിലവിലുള്ള ടിഷ്യുകൾച്ചർ ലാബ് നവീകരിച്ച് ഗുണനിലവാരമുള്ള കൂടുതൽ നടീൽവസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം സാമ്പത്തിക സഹായം നൽകി വരുന്നു. ഇതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 8 ലക്ഷം രൂപയും സ്വകാര്യ സ്ഥാപനങ്ങൾക്ക് 4 ലക്ഷം രൂപയും സബ്സിഡി നൽകി വരുന്നു. |

| | | | |
|---|---|---|---|
| ഇ) | മിഷന്റെ നേതൃത്വത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഇ) | ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുവാൻ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് നിർവ്വാഹമില്ല. |
| എഫ്) | മിഷന്റെ ആഭിമുഖ്യത്തിൽ മേളകൾ നടത്താറുണ്ടോ; എങ്കിൽ കഴിഞ്ഞ വർഷം നടത്തിയ മേളകൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ? | എഫ്) | മിഷന്റെ ആഭിമുഖ്യത്തിൽ മേളകൾ നടത്താറുണ്ട്. 2008 മെയ് 6 മുതൽ 13 വരെ തിരുവനന്തപുരം , ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വച്ച് ദേശീയ തേനീച്ച കർഷകരുടെ സമ്മേളനവും, മാമ്പഴോത്സവവും നടത്തിയിരുന്നു. മേളയോടനുബന്ധിച്ച് വിവിധ തരത്തിലുള്ള തേൻ. തേനുൽപ്പന്നങ്ങൾ. തേനീച്ചക്കൂടുകളും, അനുബന്ധ ഉപകരണങ്ങളും, തേനീച്ച കൃഷിയിലുള്ള ഗവേഷണ റിപ്പോർട്ടുകൾ വിവിധ മാമ്പഴങ്ങൾ, മാമ്പഴ ഉൽപ്പന്നം. നടീൽവസ്തുക്കൾ, സസ്യ സംരക്ഷണ ഉപാധികൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ പ്രദർശനം ഒരുക്കിയിരുന്നു. കൂടാതെ സെമിനാറുകൾ, പാചക മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിരുന്നു. സെമിനാറുകളിൽ പ്രശസ്തരമായ ശാസ്ത്രജ്ഞൻമാർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. രണ്ടു സെമിനാറുകളിലും കേരളത്തിലെ എല്ലാ ജില്ലകളേയും പ്രതിനിധീകരിച്ച് 1500 ഓളം കർഷകർ പങ്കെടുത്തു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:340 — 9.7.2008-ൽ മറുപടിയ്ക്ക്

## ജനിതക മാറ്റം വരുത്തിയ വിളകളുടെ കൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. എൻ. രാജൻ:<br>ശ്രീമതി. ഇ. എസ്. ബിജിമോൾ:<br>ശ്രീ. കെ. രാജു: | ശ്രീ.മുല്ലക്കര രത്നാകരൻ<br>(ബഹു: കൃഷി വകുപ്പ് മന്ത്രി) |
| (എ) ജനിതകമാറ്റം വരുത്തിയ വിളകളുടെ കൃഷി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇത്തരത്തിലുള്ള കൃഷി രീതിയെ സംബന്ധിച്ചുള്ള നയം എന്താണെന്ന് വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് ഇവ പരീക്ഷിക്കാൻ അനുവദിക്കേണ്ടതില്ലെന്നതാണ് **സർക്കാർ** നയം. |
| (സി) ജനിതക മാറ്റം വഴി തയ്യാറാക്കുന്ന ഭക്ഷ്യ വസ്തുക്കൾ മനുഷ്യരുടെ ആരോഗ്യത്തിന് ഹാനികരമാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇത്തരം ചില നിഗമനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 341

09-07-08 ൽ മറുപടിക്ക്

## എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് മെച്ചപ്പെട്ട പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ് :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. പി.വിശ്വൻ :<br>ശ്രീ. എ.സി.മൊയ്തീൻ :<br>ശ്രീ. വി.ശിവൻകുട്ടി : | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) ഉണ്ട്. തൃശ്ശൂർ പോലീസ് അക്കാദമിയിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് ഇപ്പോൾ പരിശീലനം നൽകി വരുന്നു. 85 എക്സൈസ് ഇൻസ്പെക്ടർ, 110 പ്രിവന്റീവ് ഓഫീസർമാർ, 1262 എക്സൈസ് ഗാർഡുമാർ, 6 എക്സൈസ് ഡ്രൈവർമാർ എന്നിവർക്ക് ഇതിനകം പരിശീലനം നൽകിക്കഴിഞ്ഞു. 240 എക്സൈസ് ഗാർഡുമാർക്കും 60 പ്രിവന്റീവ് ഓഫീസർമാർക്കും രണ്ട് ബാച്ചായി ഇപ്പോൾ പരിശീലനം നടന്നു വരുന്നു. എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും പരിശീലനം ലഭിക്കുന്നതുവരെ പരിശീലന പരിപാടി തുടരും. |
| ബി) പരിശീലനത്തിനുള്ള പാഠ്യപദ്ധതിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; | ബി) പരിശീലനത്തിനുള്ള പാഠ്യപദ്ധതിയിൽ എക്സൈസ് നിയമങ്ങൾ, ക്രിമിനൽ പ്രൊസീജ്യർ കോഡ്, ഇന്ത്യൻ പീനൽ കോഡ്, എവിഡൻസ് ആക്ട് തുടങ്ങിയ വിവിധ നിയമ വിഷയങ്ങളും, സാമൂഹ്യ വിഷയങ്ങളും കമ്പ്യൂട്ടർ പഠനവും, നീന്തൽ, ആയോധന മുറകൾ, ഡ്രൈവിംഗ് എന്നിവയും ഉൾപ്പെടുന്നു. |
| സി) ഉദ്യോഗസ്ഥർക്ക് ആയുധ പരിശീലനം നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | സി) എക്സൈസ് ഉദ്യോഗസ്ഥർക്ക് ആയുധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ എന്നീ തസ്തികയിലുള്ള 308 ഓഫീസർമാർക്ക് തൃശ്ശൂർ പോലീസ് അക്കാദമിയിൽ വച്ച് 0.32 റിവോൾവർ ഉപയോഗിച്ച് വെടിവയ്ക്കുന്നതിനുള്ള പരിശീലനം [illegible] കേരള പോലീസ് അക്കാദമിയിൽ [illegible] നൽകി വരുന്ന വിവിധ ആയുധങ്ങളെക്കുറിച്ചുള്ള അവബോധവും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | എക്സൈസ് വകുപ്പിലെ ഫീൽഡ് സ്റ്റാഫിൽ വനിതകളുടെ പ്രാതിനിധ്യം എങ്ങനെയാണ് ; | ഡി) | എക്സൈസ് വകുപ്പിലെ ഫീൽഡ് സ്റ്റാഫിൽ നിലവിൽ വനിതാ പ്രാതിനിധ്യം ഇല്ല. |
| ഇ) | എക്സൈസ് വകുപ്പിൽ വനിതാ എക്സൈസ് ഗാർഡുമാരെ നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ ? | ഇ) | എക്സൈസ് വകുപ്പിൽ വനിതാ ഗാർഡുമാരുടെ സേവനം ലഭ്യമാക്കുന്നതിലേക്കായി എക്സൈസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തുകൊണ്ട് ജി.ഒ.(പി). നമ്പർ 113/08/റ്റി.ഡി. തീയതി 04.06.2008-ാം (എസ്.ആർ.ഒ.നമ്പർ 587/08) നമ്പരായി ഉത്തരവായിട്ടുള്ളതാണ്. വനിതാ ഗാർഡുമാരെ എക്സൈസ് സേനയിൽ നിയമിക്കുന്നതിനുള്ള തുടർ നടപടികൾ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 342

9.7.2008-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പുതിയ കൃഷി സംരംഭങ്ങൾ

ചോദ്യം

ശ്രീ. എം. മുരളി :
ശ്രീ.ജോർജ് മേഴ്സിയർ :
ശ്രീ. കെ ബാബു:

(എ) സംസ്ഥാനത്ത് നെല്ല്, പച്ചക്കറി കൃഷികൾ എന്നിവ വികസിപ്പിക്കാനായി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടു പഞ്ചായത്തുകൾ തോറും പുതിയ കൃഷി സംരംഭ പ്രവർത്തനങ്ങൾ നടത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

ഉത്തരം

ശ്രീ.മുല്ലക്കര രത്നാകരൻ
(ബഹു: കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിൽ ഏറ്റെടുക്കണമെന്നുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ചെറുകിട പരിമിത കർഷകരുടെ 5 ഏക്കർ വരെയുള്ള ഭൂമിയിൽ നടത്തുന്ന ഭൂവികസന പരിപാടികളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, ഐ. എ. വൈ ഗുണഭോക്താക്കൾ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, മറ്റു ഭൂവികസന പരിപാടികൾ എന്നിവ കാർഷിക വികസനത്തിന് സഹായകരമായ രീതിയിൽ നടപ്പാക്കാവുന്നതാണ്. .

(ബി) ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം തേടിയിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഈ പദ്ധതി നടപ്പിലാക്കുന്നു.

(സി)ഇതിനായി എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഓരോ പഞ്ചായത്തും സമയ ബന്ധിതമായി ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സമയക്രമീകരണം രൂപീകരിക്കണമെന്ന് നിർദ്ദേശം നൽകുമോ;

(സി) യും (ഡി) യും.
കൃഷി വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ഘട്ടം ഘട്ടമായി ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ഒരു വർഷത്തിനുള്ളിൽ പുതുതായി എത്ര ഏക്കർ തരിശുഭൂമിയിൽ നെൽകൃഷിയും പച്ചക്കറി കൃഷിയും നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഇ) 2008-09-വർഷത്തിൽ ഒരു ഗ്രാമ പഞ്ചായത്തിൽ ശരാശരി 10 ഏക്കർ എന്ന നിലയിൽ ഈ വർഷം 10000 ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കുക എന്നതാണ് ലക്ഷ്യം. ഇതിനു പുറമേ നിലവിൽ കൃഷി ചെയ്യുന്ന പാടങ്ങളിൽ നിന്ന് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :343 — 9-7-2008-ൽ മറുപടിയ്ക്ക്

ടൂറിസം വികസനത്തിലൂടെ പുതിയ തൊഴിൽ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.എൻ.ജയരാജ് :<br>ശ്രീ.തോമസ് ഉണ്ണിയാടൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>( ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) ടൂറിസം വികസനത്തിലൂടെ ഗ്രാമീണ മേഖലയിൽ പുതിയ തൊഴിൽ മേഖല സൃഷ്ടിക്കാൻ എന്തെങ്കിലും നവീന പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ ; | (എ) ഗ്രാമീണ മേഖലയിൽ പുതിയ തൊഴിൽ മേഖല സൃഷ്ടിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) പ്രാദേശിക വാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രാദേശിക ഉല്പന്നങ്ങൾക്ക് ടൂറിസം രംഗത്ത് വിപണി കണ്ടെത്തി വികസിപ്പിക്കുക എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് ടൂറിസം വകുപ്പ് ആരംഭിച്ച 'ഉത്തരവാദിത്ത ടൂറിസം' പദ്ധതിപ്രകാരം ടൂറിസം സങ്കേതങ്ങളിലെ ഹോട്ടലുകൾക്ക് ആവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ തദ്ദേശീയമായി ഉല്പാദിപ്പിക്കുകയും അവയുടെ വിപണനത്തിലൂടെ ഗ്രാമീണ മേഖലയിൽ തൊഴിലും വരുമാനവും വർദ്ധിക്കുകയും ചെയ്തു വരുന്നു. കൂടാതെ കേന്ദ്ര സർക്കാരി |

ൻെറ ഗ്രാമീണ പദ്ധതിയിലൂടെയും വിവിധ പ്രദേശങ്ങൾ വികസിപ്പിച്ചു വരുന്നുണ്ട്. നബാർഡിൻെറ ധന സഹായത്തോടെ പരമ്പരാഗത, വ്യാവസായിക, കാർഷിക മേഖല കളെ ടൂറിസവുമായി ബന്ധിപ്പിക്കു ന്നതിനും ടൂറിസം ഉല്പന്നങ്ങളാക്കി മാറ്റി ഗ്രാമങ്ങളിൽ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായുള്ള പദ്ധതികളും ആവിഷ്കരിച്ചു വരുന്നു-ണ്ട്. ഫാം ടൂറിസം എന്ന പേരിൽ ഒരു പദ്ധതിയും കരകൗശല വിക സന പദ്ധതികളും ഗ്രാമീണ മേഖല യിൽ പുതിയ തൊഴിൽ മേഖല സൃഷ്ടിക്കുവാൻ ആവിഷ്കരിച്ചു വരു ന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *344 9.7.2008-ലെ മറുപടിയ്ക്ക്**

**ഇ.എസ്.ഐ.ആശുപത്രികളുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.യൂസഫ്:<br>ശ്രീ. കെ.കെ.ദിവാകരൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.രാജു എബ്രഹാം :<br>ശ്രീ.വി.എൻ.വാസവൻ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഇ.എസ്.ഐ.ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (എ) ഇ.എസ്.ഐ.ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ആറരകോടി രൂപയുടെ നവീകരണ പദ്ധതി ESI കോർപ്പറേഷൻ ഏറ്റെടുക്കുകയും അത് നായി സംസ്ഥാനത്തെ പാരിപ്പള്ളി, മുളങ്കുന്നത്തുകാവ്, ഒളരിക്കര, ഫറോക്ക്, ഉദ്യോഗമണ്ഡൽ, പേരൂർക്കട, എഴുകോൺ എന്നീ ഇഎസ്.ഐ. ആശുപത്രികളെ തെരഞ്ഞെടുത്ത് നവീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുവരുന്നു. ശേഷിക്കുന്ന 5 ആശുപത്രികളുടെ കൂടി നവീകരണത്തിനായി ധനസഹായം നൽകാമെന്ന് ESI കോർപ്പറേഷൻ സമ്മതിച്ചിട്ടുണ്ട്. കൂടാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 89 ഇ.എസ്.ഐ.ഡിസ്പെൻസറികൾക്ക് കെട്ടിടം പണിതു തരണമെന്ന സംസ്ഥാന സർക്കാരിൻെറ അഭ്യർത്ഥന മാനിച്ച് ഇ.എസ്.ഐ.കോർപ്പറേഷൻ സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല, മൈലം ഇ.എസ്.ഐ.ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയും മൈനാഗപ്പള്ളി ഇ.എസ്.ഐ. ഡിസ്പെൻസറി പുതിയ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് 12 ഇ.എസ്.ഐ.ആശുപത്രികളിലും രോഗികൾക്ക് ആവശ്യമായ പുതിയ കട്ടിലുകൾ, കിടക്കകൾ, ബെഡ്സൈഡ് ലോക്കറുകൾ, വീൽ ചെയറുകൾ, ട്രോളികൾ മുതലായവ 84 ലക്ഷം രൂപ ചെലവിൽ നൽകിയിട്ടുണ്ട്. |

ഈ സർക്കാരിൻെറ ഭരണകാലത്ത് ആദ്യമായി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് പദ്ധതി വിഹിതം അനുവദിക്കുകയും ഈ തുക വിനിയോഗിച്ച് ഇ.എസ്.ഐ.ആശുപത്രികളിലെ അത്യാഹിത വിഭാഗം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ ഈ സാമ്പത്തിക വർഷത്തേയ്ക്ക് പദ്ധതി വിഹിതമായി അനുവദിച്ച 20 ലക്ഷം രൂപ വിനിയോഗിച്ച് നമ്മുടെ സമൂഹത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന പ്രമേഹരോഗ നിർണ്ണയ സംവിധാനം 137 ഇ.എസ്.ഐ.ഡിസ്പെൻസറികളിൽ സാധ്യമാക്കുന്ന പദ്ധതിയുടെ നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സർക്കാരിൻെറ ഭരണകാലത്ത് ആലപ്പുഴ, എറണാകുളം, ഒളരിക്കര, വടവാതൂർ, പാരിപ്പള്ളി എന്നീ അഞ്ചു ആശുപത്രികൾക്കും 25 ലക്ഷം രൂപ ചെലവിട്ട് ആദ്യമായി ആംബുലൻസ് സൗകര്യം ഏർപ്പെടുത്തി.

എല്ലാ ഇ.എസ്.ഐ.ആശുപത്രികളിലും അത്യാഹിത വിഭാഗം നവീകരണത്തിനായി ആവശ്യമുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഒ.പിയിൽ എത്തുന്ന രോഗികൾക്ക് ഇരിപ്പിടവും കുടിവെള്ളവും ലഭ്യമാക്കിയിട്ടുണ്ട്.

ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുവാൻ ആവശ്യമായ യന്ത്രോപകരണങ്ങൾ അതായത് അനസ്തേഷ്യാമെഷീൻ, സർജിക്കൽ ഡയാതെർമി, ഷാഡോലെസ് ലാമ്പ്, പൾസ് ഒക്സീമിറ്റർ, ഡിഫ്രിഫിലേറ്റർ, കാർഡിയാക് മോണിറ്റർ, ഇലക്ട്രോ സർജിക്കൽ ഡയാതെർമി, ഇ.സി.ജി.മെഷീൻ, കാർഡിയാക് മോണിറ്റർ വിത്ത് ഡിഫ്രിഫിലേറ്റർ, സെമി ആട്ടോ അനലൈസർ, ഓഫ്താൽമിക് ടേബിൾ, ഓട്ടോക്ലേവ്, എക്സ്റേ ഉപകരണങ്ങൾ എന്നീ അത്യാധുനിക ഉപകരണങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്.

ഇ.എസ്.ഐ.ആശുപത്രികളിലെ റഫറൽ സംവിധാനങ്ങളുടെ അപര്യാപ്തത വിലയിരുത്തുകയും അവ പരിഹരിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനുമായി അനുവദിച്ച തുക വിനിയോഗിച്ച് പുതിയ റഫറൽ രീതി ആവിഷ്കരിക്കുകയും 2008 ജനുവരി മുതൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

ഇ.എസ്.ഐ.ആശുപത്രികളിൽ അണുബാധ തടയുന്നതിനായി അനുവദിച്ച 1,15,000/- രൂപ വിനിയോഗിച്ച് ഭാവിയിൽ ഇത്തരത്തിൽ ഉണ്ടായേക്കാവുന്ന അണുബാധ കാര്യക്ഷമമായി നേരിടുന്നതിന് ജീവനക്കാർക്ക് ബോധവൽക്കരണം നൽകുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മരുന്ന് വാങ്ങുന്നതിനായി അനുവദിക്കപ്പെടുന്ന തുക പല കാരണങ്ങളാലും മുഴുവനും വിനിയോഗിക്കാൻ സാധിക്കാറില്ല വർഷാവസാനം ഇത് ലാപ്സാകാറാണ് പതിവ്. എന്നാൽ ഈ തുക മെഡിക്കൽ റീഇംബേഴ്സ്മെൻറ്, സൂപ്പർ സ്പെഷ്യാലിറ്റി ഉപകരണ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി വിനിയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

(ബി) ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത്യാധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ വന്നതിനുശേഷം എത്ര തൊഴിലാളികൾ കൂടുതലായി ഇ.എസ്.ഐ.യുടെ പരിധിയിൽ വന്നിട്ടുണ്ട് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 69,011 (31-3-07 വരെ) തൊഴിലാളികൾ കൂടുതലായി ഇ.എസ്.ഐ.യുടെ പരിധിയിൽ വന്നിട്ടുണ്ട്. കൂടാതെ ഈ ഭരണകാലത്ത് സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ,

| | |
|---|---|
| | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലേയ്ക്ക് ഇ.എസ്.ഐ.പദ്ധതി വ്യാപിപ്പിച്ചുകൊണ്ട് വിജ്ഞാപനം ഇറക്കി. ഇതു പ്രകാരം ഏകദേശം ഒന്നര ലക്ഷം തൊഴിലാളികളെ ഇ.എസ്.ഐ.യുടെ പദ്ധതിയിൽ പുതിയതായി ചേർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) തൊഴിലാളികൾക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് ഇനത്തിലും അഡ്വാൻസ് ഇനത്തിലും ലഭിക്കാനുള്ള തുക കാലതാമസമില്ലാതെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചുവരുന്നു. |

Subhasree S

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 345

09.07.2008 ൽ മറുപടിയ്ക്ക്.

### ടൂറിസം മേഖലയിൽ പ്രീമിയം ഹെറിറ്റേജ് ഹോട്ടലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |

(എ) ടൂറിസം മേഖലയിൽ അന്താരാഷ്ട്ര നിലവാരമുള്ള പ്രീമിയം ഹെറിറ്റേജ് ഹോട്ടലുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ ഹോട്ടലുകളെ ഇത്തരത്തിൽ മാറ്റാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(എ) & (ബി) ഉണ്ട്. ടൂറിസം വകുപ്പിൽ കെ.ടി.ഡി.സി യുടെ കീഴിലുള്ള തേക്കടിയിലെ ലേക്ക് - പാലസ് ഹോട്ടൽ, കൊച്ചിയിലെ ബോൾഗാട്ടി പാലസ്, തിരുവനന്തപുരം മസ്കറ്റ് ഹോട്ടൽ എന്നിവയെ പ്രീമിയം ഹെറിറ്റേജ് ഹോട്ടലുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ഹോട്ടലുകൾക്ക് പുറമേ പുതുതായി ഇത്തരം ഹോട്ടലുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനു സ്വകാര്യ പങ്കാളിത്തം സ്വീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) ഇല്ല.

(ഡി) ഇത്തരത്തിൽ രൂപീകരിക്കുന്ന ഹെറിറ്റേജ് ഹോട്ടലുകളിൽ എന്തൊക്കെ സംവിധാനങ്ങൾ ഉണ്ടാകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്?

(ഡി) ഈ ഹോട്ടലുകളെ അവയുടെ പഴമയ്ക്ക് കോട്ടം തട്ടാതെ അന്താരാഷ്ട്ര നിലവാരമുള്ള സൗകര്യങ്ങൾ ഒരുക്കി പ്രീമിയം ഹെറിറ്റേജ് ഹോട്ടലുകളാക്കി മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 346

09.07.2008 ൽ മറുപടിയ്ക്ക്.

# കേരളത്തിന്റെ തനതു കലാരൂപങ്ങൾ പരിപോഷിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>" കെ.കുഞ്ഞിരാമൻ<br>" കെ.കെ.ദിവാകരൻ<br>" ബി.ഡി.ദേവസ്സി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം വകുപ്പ് ആരംഭിച്ച 'ഉത്സവം' പരിപാടിയിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാമാണ്; | (എ) കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ ചിലതൊഴികെ ഭൂരിപക്ഷവും വേണ്ടത്ര പരിഗണന കിട്ടാതെ വിസ്മൃതിയിലേക്ക് പോകുന്ന ഒരു സാഹചര്യത്തിൽ കേരളത്തിന്റെ പൈതൃക സമ്പത്ത് എന്ന് വിശേഷിപ്പിക്കാവുന്ന വൈവിധ്യമാർന്ന നാടോടി കലാരൂപങ്ങളുടെയും ആദിവാസി അനുഷ്ഠാന കലാരൂപങ്ങളുടെയും ക്ലാസിക്കൽ കലാരൂപങ്ങളുടെയും സംരക്ഷണത്തിന് സംസ്ഥാന ടൂറിസം വകുപ്പ് രൂപം നൽകിയ ബൃഹദ് പദ്ധതിയാണ് ഉൽസവം. ഇതനുസരിച്ച് പേരറിയാത്തതും അറിയാവുന്നതുമായ നൂറിൽപരം നാടോടി-ആദിവാസി കലാരൂപങ്ങളും കൂടിയാട്ടവും കഥകളിയും ചാക്യാർകൂത്തും മോഹിനിയാട്ടവും ഉൾപ്പെട്ട ക്ലാസിക്കൽ കലാരൂപങ്ങളും കേരളത്തിലെ 14 ജില്ലകളിലെ 36 വേദികളിലായിട്ട് അവതരിപ്പിച്ചു. ഉൽസവം പരിപാടി അരങ്ങേറിയ എല്ലാ ജില്ലകളിലും വിനോദ സഞ്ചാരികളുടെയും, തദ്ദേശീയരുടെയും നല്ല പ്രാതിനിധ്യം ഉണ്ടായിരുന്നു. കൂടാതെ ഉൽസവം പരിപാടിയിലൂടെ ഓരോ പ്രദേശത്തെയും അന്യം നിന്നു കൊണ്ടിരുന്ന ഈ കലകളെ സംരക്ഷിച്ച് നിർത്തിയിരുന്ന മുതിർന്ന കലാകാരൻമാരെ ആദരിക്കുകയും അവർക്ക് ഉൽസവം പരിപാടിയിൽ പങ്കെടുത്ത് പരിപാടി അവതരിപ്പിച്ചതിന് അർഹമായ പ്രതിഫലം നൽകുകയും ചെയ്തു. ഇത് കേരളത്തിലെ നാടൻ കലകളുടെ നിലനിൽപ്പിന് വലിയൊരളവിൽ സഹായിച്ചതായി കരുതുന്നു. കൂടാതെ സാംസ്കാരിക ടൂറിസം എന്ന മഹത്തായ ആശയത്തിന്റെ പ്രചരണത്തിനും ഉൽസവം പരിപാടി കൊണ്ട് കഴിഞ്ഞിട്ടുണ്ട്. മാത്രവുമല്ല |

മൃതപ്രായമായിക്കൊണ്ടിരിക്കുന്ന ഈ കലാരൂപങ്ങളെ കേരളത്തിലെ പുതുതലമുറയെ പരിചയപ്പെടുത്തുന്നതിനും ഉത്സവം പരിപാടി കൊണ്ട് കഴിഞ്ഞതായി കരുതുന്നു. കൂടാതെ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് വിദേശികളെ ബോധവാന്മാരാക്കുന്നതിനും അതുവഴി കേരളത്തിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ പരിപാടി മൂലം കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (ബി) ഈ പരിപാടിയിലേക്ക് ടൂറിസ്റ്റുകളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനു സാധിച്ചിട്ടുണ്ടോ; | (ബി) സാധിച്ചിട്ടുണ്ട്. |
| (സി) പരിപാടിയിൽ ആകെ എത്ര കലാകാരന്മാർ പങ്കെടുത്തു; | (സി) കേരളത്തിലെ 14 ജില്ലകളിൽ 36 വേദികളിലായി നടന്ന ഉത്സവം പരിപാടിയിൽ 2000-ത്തോളം കലാകാരൻമാർ പങ്കെടുത്തു. |
| (ഡി) കേരളത്തിന്റെ തനതു കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനു സ്ഥിരം വേദികൾ ഒരുക്കുന്നതിനും പരിപാടികളെ സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി പരസ്യപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) കേരളത്തിന്റെ തനതു കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് സ്ഥിരം വേദികൾ ഒരുക്കുന്ന കാര്യം ടൂറിസം വകുപ്പ് പരിഗണിക്കുന്നതാണ്. പരിപാടികളെ സംബന്ധിച്ച വിശദവിവരങ്ങൾ കാലേകൂട്ടിത്തന്നെ പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ ഉത്സവം പരിപാടിയെക്കുറിച്ചുള്ള വിവരങ്ങൾ പത്രം മുഖേനയും, ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഇൻഫർമേഷൻ സെന്റർ മുഖേനയും പരമാവധി പ്രചരണം നടത്തി വന്നിരുന്നു. കൂടാതെ, ഉത്സവം പരിപാടിയ്ക്ക് മാത്രമായിട്ട് കഴിഞ്ഞ വർഷം ടൂറിസം വകുപ്പ് ഒരു 'മൈക്രോസൈറ്റ്' രൂപ കൽപ്പന ചെയ്തിരുന്നു. ഈ വർഷം ഉത്സവം പരിപാടി സംഘടിപ്പിക്കുമ്പോൾ കാലേകൂട്ടിത്തന്നെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ഉത്സവത്തിന്റെ ഒരു വർഷത്തെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന കലണ്ടർ തയ്യാറാക്കി മുൻകൂട്ടിത്തന്നെ ലോകമെമ്പാടുമുള്ള ടൂർ ഓപ്പറേറ്റർമാർ, ഇന്ത്യാടൂറിസ്റ്റ് ഓഫീസുകൾ, മാധ്യമങ്ങൾ എന്നിവിടങ്ങളിലെല്ലാം എത്തിയ്ക്കുന്നതിന് പുറമെ ഉത്സവത്തിന്റെ ആകർഷകങ്ങളായ പരസ്യങ്ങൾ നൽകുകയും ചെയ്യുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 347

09-07-2008-ൽ മറുപടിയ്ക്ക്

## കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാപോറ്റി<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി. കെ. പി. പത്മനാഭൻ | ശ്രീ. പി. കെ. ഗുരുദാസൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ('എ' യും 'ബി'യും)<br>കേരളാ സ്റ്റേറ്റ് കാഷ്യു ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(1) തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ദിനങ്ങൾ നൽകുന്നതിനും ഫാക്ടറികളുടെ സുഗമമായ പ്രവർത്തനത്തിനും വേണ്ടി അസംസ്കൃത കശുവണ്ടി വാങ്ങുന്നതിന് 16.00 കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ചിരുന്നു. തുടർന്നും പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി കോർപ്പറേഷന്റെ കൺസോർഷ്യം ബാങ്കുകളായ SBT,SBI, പഞ്ചാബ് നാഷണൽ ബാങ്ക് എന്നിവയുമായി സർക്കാർ തലത്തിൽ ചർച്ച നടത്തി വരുന്നു. കശുവണ്ടി വ്യവസായ പുനരുജ്ജീവിപ്പിക്കലിന് 2008-2009 ൽ പദ്ധതി വിഹിതമായി ബജറ്റിൽ വച്ചിട്ടുള്ള മൊത്തം 16 കോടി രൂപയിൽ |

(ബി) തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

കെ.എസ്.ഡി.സി.ക്ക് 11 കോടി മാറ്റി വെച്ചിട്ടുണ്ട്. അതിൽ 5 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ അഞ്ച് പ്രൊക്യൂർമെന്റ് സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്. അതോടൊപ്പം കോർപ്പറേഷന്റെ ബോർമ്മ, റോസ്റ്റിംഗ് മെഷീൻ, ചിമ്മിണി എന്നിവ മാറ്റി സ്ഥാപിക്കുന്നതിനായി 6.00 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഫ്ളാഗ്ഷിപ്പ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള **Upgradation of Faclities and Modemisalion of Cashew Factories** എന്ന പദ്ധതിയിൽ 200 ലക്ഷം രൂപ കോർപ്പറേഷന്റെ ഫാക്ടറികളുടെ നവീകരണത്തിനായി നീക്കിവച്ചിട്ടുണ്ട്. മറ്റൊരു പദ്ധതിയായ **Modemisalion of Cashew Factory Sheds** സ്കീമിൽ മൊത്തം നീക്കി വച്ച തുകയായ 400 ലക്ഷം രൂപയിൽ മൂന്നിൽ രണ്ടു ഭാഗം കോർപ്പറേഷന് ഉദ്ദേശിച്ചുള്ളതാണ്. ഇതിന് പുറമെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നബാർഡ് RIDF ലോൺ സ്കീമിൽ ഉൾപ്പെടുത്തി കാഷ്യൂ ഗോഡൗണുകളുടെ നിർമ്മാണത്തിന് കോർപ്പറേഷന് വേണ്ടി 300 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ഇപ്രകാരം പ്ലാൻ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള മേൽപ്പറഞ്ഞ സ്കീമുകൾക്ക് ഉള്ള പ്രൊജക്ട് പ്രൊപ്പോസലുകൾ കശുവണ്ടി വികസന കോർപ്പറേഷൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും അത് സർക്കാരിന്റെ പരിഗണനയിലുള്ളതുമാണ്.

(2) C.F.T.R.I യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടിപ്പഴത്തിൽ നിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വിറ്റ, കാഷ്യൂ ബീറ്റ് എന്നീ നാല് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്നതിനുള്ള

നടപടികളും കശുവണ്ടി വികസന കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

(3) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉല്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും. ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ വർക്കു ചെയ്യുന്നതിലേക്ക് 6000 തൊഴിലാളികളെ നിയമിച്ചിട്ടുള്ളതുമാണ്.

(4) ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കോർപ്പറേഷനിലെ പ്രോസ്സസിംഗ് ജീവനക്കാർക്ക് പ്രത്യേകതരം പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(5) കോർപ്പറേഷൻ ഫാക്ടറികളിൽ നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉതകുന്നതരത്തിൽ അറ്റകുറ്റ പണികൾ നടത്തിയും വിദേശ വിപണിയെ ലക്ഷ്യമിട്ട് കോർപ്പറേഷന്റെ ഫില്ലിംഗ് യൂണിറ്റുകൾ ആധുനികവത്കരിച്ചും കൂടാതെ കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലുള്ള ഗോഡൗണും കളവും ഉപയോഗപ്പെടുത്തി കുക്കിംഗ് ആൻഡ് കട്ടിംഗ് സംവിധാനത്തിലുള്ള ഒരു ആധുനിക കാഷ്യു പ്രൊസ്സസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | വർഷം മുഴുവൻ പ്രവർത്തിക്കത്തക്ക വിധം തോട്ടണ്ടി സംഭരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിന് വേണ്ടി തോട്ടണ്ടി സംഭരിയ്ക്കുന്നതിനുള്ള ശ്രമത്തിലാണ് കോർപ്പറേഷൻ ഏർപ്പെട്ടിട്ടുള്ളത്. |

---

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഓരോ വർഷവും എത്ര ദിവസം വീതം തൊഴിൽ നൽകാൻ കഴിഞ്ഞു; | (ഡി) | കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>2006(കലണ്ടർ വർഷം)----165 ദിവസം വരെ.<br>2007(കലണ്ടർ വർഷം)----195 ദിവസം വരെ. |
| (ഇ) | കോർപ്പറേഷന്റെ ഫാക്ടറികളിൽ ഈ സർക്കാർ വന്നതിനു ശേഷം എത്ര പേർക്കു പുതുതായി ജോലി ലഭിച്ചു; | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി വികസന കോർപ്പറേഷനിൽ ദിവസശമ്പളത്തിലുള്ള തൊഴിലാളികളായി 5965 പേർക്കും ഫാക്ടറി സ്റ്റാഫായി 71 പേർക്കും ഹെഡ്ഡാഫീസിൽ 7 പേർക്കും ഉൾപ്പെടെ ആകെ 6043 പേർക്ക് പുതുതായി ജോലി നൽകാൻ കഴിഞ്ഞു. |
| (എഫ്) | ഫാക്ടറികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (എഫ്) | കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണത്തിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതി സഹായത്തോടെ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ പറയുന്നവയാണ്.<br>(1) ഫാക്ടറികളിൽ നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഷെഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.<br>(2) വിദേശ വിപണിയെ ലക്ഷ്യമിട്ട് കോർപ്പറേഷന്റെ പീലിംഗ് യൂണിറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br>(3) ഫാക്ടറികളിലെ നിലവിലുള്ള ബോർമ്മയ്ക്ക് പകരമായി ഹോട്ട് എയർ ബോർമ്മ/ഇലക്ട്രിക് ബോർമ്മ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(4) കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ടു ഫാക്ടറികൾ ഐ.എസ്.ഒ നിലവാരത്തിലുള്ളതായി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(5) കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലുള്ള ഗോഡൗണും കളവും ഉപയോഗപ്പെടുത്തി കുക്കിംഗ് ആൻഡ് കട്ടിംഗ് സംവിധാനത്തിലുള്ള ഒരു ആധുനിക കാഷ്യൂ പ്രൊസസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും കശുവണ്ടി വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 348

09.07.2008-ൽ മറുപടിയ്ക്ക്

## റബ്ബർ കൃഷി വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. ജോർജ് എം. തോമസ് | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | റബ്ബർ കൃഷി വികസനത്തിന് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | എ) | റബ്ബർ കൃഷി വികസനത്തിന് കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ റബ്ബർ ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്. |
| ബി) | എത്ര ഹെക്ടർ സ്ഥലത്ത് കേരളത്തിൽ പുതുതായി റബ്ബർ കൃഷി നടത്താനാണ് പദ്ധതി ഇട്ടിട്ടുള്ളത്; | ബി) | റബ്ബർ ബോർഡിന്റെ ആഭിമുഖ്യത്തിൽ പരമ്പരാഗത റബ്ബർ കൃഷി മേഖലയിൽ 11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 7500 ഹെക്ടർ സ്ഥലത്ത് പുതുതായി റബ്ബർ കൃഷി നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്. |
| സി) | പുനഃകൃഷി നടത്തുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | സി) | പുനഃകൃഷി നടത്തുന്നവർക്ക് ഹെക്ടറിന് 19500 രൂപ എന്ന നിരക്കിൽ റബ്ബർ ബോർഡ് സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ വളപ്രയോഗം, നടീൽ, സസ്യസംരക്ഷണം എന്നീ മേഖലകളിൽ റബ്ബർ ബോർഡ് സാങ്കേതിക സഹായവും നൽകുന്നുണ്ട്. |
| ഡി) | മെച്ചപ്പെട്ട ഇനം റബ്ബർ തൈകൾ വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | ഡി) | ഇല്ല. എന്നാൽ മെച്ചപ്പെട്ട ഇനം റബ്ബർ തൈകൾ പരിമിതമായ തോതിൽ റബ്ബർ ബോർഡിന്റെ നഴ്സറികളിൽ നിന്നും വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :349

9-7-2008-ൽ മറുപടിയ്ക്ക്

ടൂറിസം വികസനം ലക്ഷ്യമാക്കി "ആർട്ട് ആൻറ് ക്രാഫ്റ്റ് വില്ലേജ്"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ.പി.ടി.എ.റഹീം :<br>ശ്രീ.വി.ജെ.തങ്കപ്പൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഈ സർക്കാർ അധികാര മേറ്റ ശേഷം ടൂറിസം വികസനം ലക്ഷ്യമാക്കി ആർട്ട് ആൻറ് ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) ഉണ്ട്. കോഴിക്കോട് ഇരിങ്ങലിലും, തിരുവനന്തപുരത്ത് വിഴിഞ്ഞത്തും ആണ് ആർട്ട് ആൻറ് ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിലെ, പ്രത്യേകിച്ചും മലബാറിലേയും ദക്ഷിണ കേരളത്തിലേയും പാരമ്പര്യ കൈ തൊഴിലാളികൾക്കും തനതായ കലാരൂപ നിർമ്മാണ വൈദഗ്ദ്ധ്യങ്ങൾക്കും വേണ്ടുന്ന പ്രോത്സാഹനവും പ്രചരണവും നൽകുന്നതിനും ഇവയെല്ലാം ഒരു കുരയ്ക്ക് കീഴെ, എത്തിപ്പെടുത്തുവാനുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ദക്ഷിണ കേരളത്തിലെ പാരമ്പര്യ ഉൽപ്പന്നങ്ങൾ വിഴിഞ്ഞത്തും, മലബാറിലെ പാരമ്പര്യ ഉല്പന്നങ്ങൾ മലബാറിലും സഞ്ചാരികൾക്ക് ലഭ്യമാകും. |
| (ബി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ; | (ബി) ഈ രണ്ട് പദ്ധതികളുടെയും നിർമ്മാണോദ്ഘാടനം കഴിഞ്ഞു. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

(സി) ഈ പദ്ധതിയിലൂടെ കേരളത്തിലെ പരമ്പരാഗത മേഖലയ്ക്കും അതുവഴി ടൂറിസത്തിനും എന്തെല്ലാം ഗുണങ്ങൾ ഉണ്ടാകുമെന്നു വിശദമാക്കുമോ ;

(സി) ഈ പദ്ധതി സാദ്ധ്യമാകുന്നതിലൂടെ പാരമ്പര്യ, വിദഗ് ദ്ധ തൊഴിലാളികൾക്ക് അവരവരുടെ ഉൽപ്പന്നങ്ങൾ ധാരാളമായി നിർമ്മിക്കുവാനും അവ അനായാസം വിറ്റഴിക്കുവാനും സാധിക്കുന്നു. ഈ കലാഗ്രാമം സന്ദർശിക്കുന്നവർക്ക് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ, സുവനീറുകൾ, മൊമന്റോകൾ മുതലായവ ഒരു മേൽക്കൂരയ്ക്കു കീഴെ വാങ്ങുവാൻ സാധിക്കുന്നു. പാരമ്പര്യ തൊഴിലുകൾ ഉപേക്ഷിച്ചു മറ്റു തൊഴിലുകൾ അന്വേഷിച്ചു പോയിട്ടുള്ളവർ തിരിച്ചു വരികയും അവരവരുടെ പാരമ്പര്യ ഉൽപ്പന്നങ്ങൾ തന്നെ നിർമ്മിച്ചു വിറ്റഴിച്ചു ലാഭമുണ്ടാക്കുവാനും അങ്ങനെ കേരളത്തിന്റെ തനതായ പാരമ്പര്യം നിലനിർത്തുവാനും ഈ കലാഗ്രാമങ്ങൾ യാഥാർത്ഥ്യമാകുന്നതിലൂടെ സാധ്യമാകും.

(ഡി) ആർട്ട് ആൻറ് ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുന്നതിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ?

(ഡി) ഇത്തരത്തിലൊരു കണക്കെടുപ്പ് നടത്തിയിട്ടില്ല. എങ്കിലും മേൽപടി രണ്ട് ആർട്ട് ആൻറ് ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം 800 പേർക്കെങ്കിലും തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 350 9/7/2008-ൽ മറുപടിക്ക്

## ആയിരം പച്ചക്കറി ഗ്രാമങ്ങൾ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പു മന്ത്രി) |
| (എ) ആയിരം പച്ചക്കറി ഗ്രാമങ്ങൾ എന്ന പദ്ധതിയുടെ തുടക്കം എന്നത്തേക്ക് നടക്കുമെന്ന് വെളിപ്പെടുത്താമോ ; | (എ) "ആയിരം പച്ചക്കറി ഗ്രാമങ്ങൾ" എന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ കൃഷി വകുപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്. പി.സി.കെ. കാർഷിക സർവ്വകലാശാല, ഹോർട്ടികോർപ്പ് എന്നിവയുടെ മേൽനോട്ടത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതിയുടെ ഔപചാരികമായ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 13-ാം തീയതി ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. |
| (ബി) ഈ പദ്ധതിക്ക് എത്രകോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (ബി) ഈ പദ്ധതിക്ക് 9.66 കോടി രൂപ ആവശ്യമായി വരും. |
| (സി) ഒരു മണ്ഡലത്തിൽ കുറഞ്ഞത് എത്ര ഗ്രാമങ്ങളാണ് ഈ സ്കീമിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (സി) ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഓരോ മണ്ഡലത്തിലും M.L.A മാർ നിർദ്ദേശിക്കുന്ന ഒരു ഗ്രാമം എന്ന നിലയിൽ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ഡി) ഈ സ്കീമിൽ വരുന്ന പച്ചക്കറി കൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; | (ഡി) ജൈവ പച്ചക്കറി ഗ്രാമങ്ങളിൽ കർഷകർക്ക് ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ സബ്സിഡി നൽകും. നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് 2 സെന്റ് സ്ഥലം എന്ന ഒരു യൂണിറ്റിന് കുറഞ്ഞത് 200 രൂപ ധനസഹായം നൽകും. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വച്ചു പിടിപ്പിക്കുന്നതിന് യൂണിറ്റൊന്നിന് 5,000 രൂപ |

ധനസഹായം നൽകും. ജൈവവള ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് യൂണിറ്റൊന്നിന് 1,000 രൂപ നിരക്കിൽ ധനസഹായം നൽകും. പച്ചക്കറി കൃഷിക്കാർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കും. പച്ചക്കറി വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിന് 15,000 രൂപ സബ്സിഡി നൽകുന്നതാണ്. തലച്ചുമടായി പച്ചക്കറി വിൽപ്പന പുതുതായി ആരംഭിക്കുന്നവർക്ക് 1000 രൂപ ധനസഹായം ലഭിക്കും.

(ഇ) ഈ പദ്ധതി പൂർണ്ണമായി നടപ്പാക്കിയാൽ കേരളത്തിലേക്ക് ആവശ്യമുള്ള പച്ചക്കറികൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ?

(ഇ) കേരള സംസ്ഥാനത്ത് പച്ചക്കറിയുൽപ്പാദനത്തിൽ 1.5 ലക്ഷം ടൺ അധിക ഉത്പാദന വർദ്ധന ഈ പദ്ധതി വഴി ഉണ്ടാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 351 09.07.2008 ൽ മറുപടിയ്ക്ക്

**<u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എം. ദിനേശ്മണി :<br>ശ്രീ. വി. ശശികുമാർ :<br>ശ്രീ. ബി. രാഘവൻ :<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി :<br>ശ്രീ. എം.കെ. പുരുഷോത്തമൻ | ശ്രീ. എ.കെ. ബാലൻ<br><br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; | (എ) പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ, 1.2.08 ലെ 20/08/ പജ.പവ.വിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള നിരക്കിൽ നിന്നും 50 % വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ബി) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെസ് ചാർജ്ജ് വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ; | (ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (സി) പുതുതായി ഏതെങ്കിലും കോഴ്സുകൾക്ക് സർക്കാർ വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികസമുദായ വിദ്യാർത്ഥികൾക്ക് താഴെ വിവരിക്കും പ്രകാരം വിവിധ കോഴ്സുകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുണ്ട്.<br>i. കേരളത്തിലെ സർവ്വകലാശാലകൾ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത സഹകരണ സ്ഥാപനങ്ങൾ എന്നിവ നേരിട്ട് നടത്തുന്ന സ്വാശ്രയ കോഴ്സുകൾക്ക് ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുണ്ട്.<br>ii. എം.സി.എ., ബി.എസ്.സി നഴ്സിംഗ് (ആയുർവേദ) ബി.ഫാം (ആയുർവേദ) സ്വാശ്രയ ബി.എഡ്. എന്നീ കോഴ്സുകൾക്ക് ആനുകൂല്യങ്ങൾ നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| | iii. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിന് കീഴിലുള്ള ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഐ.ഐ.ടി.കൾ ഐ.ഐ.എസ്, ബാംഗ്ലൂർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ടൂറിസം മന്ത്രാലയത്തിന് കീഴിലുള്ള 24 ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി എന്നീ സ്ഥാപനങ്ങളിൽ അഖിലേന്ത്യ പ്രവേശനപരീക്ഷ വഴി പ്രവേശനം ലഭിക്കുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്<br>iv. യു.ജി.സി. അംഗീകാരമുള്ള സംസ്ഥാനത്തെ കൽപ്പിത സർവ്വകലാശാലകളായ കേരള കലാമണ്ഡലം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികസമുദായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചു നൽകുന്നതിന് ഉത്തരവു നൽകിയിട്ടുണ്ട്<br>v. ലാറ്ററൽ എൻട്രി വഴി എഞ്ചിനീയറിംഗ്, ബി.ഫാം എന്നീ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.<br>vi. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന തുല്യതാപരിപാടിയിലേക്ക് അഡ്മിഷൻ ലഭിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വിദ്യാർത്ഥിയ്ക്ക് 2000 രൂപ വരെ ഫീസ് അനുവദിച്ചു നൽകുവാൻ ഉത്തരവായിട്ടുണ്ട് |
| (ഡി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) ഐ.എച്ച്.ആർ.ഡിയിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ഐ.എച്ച്.ആർ.ഡിയിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ മുഴുവൻ കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:352** — **9.7.2008-ൽ മറുപടിയ്ക്ക്**

**മണ്ണ് സംരക്ഷണ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. ജോർജ് | ശ്രീ.മുല്ലക്കര രത്നാകരൻ<br>(ബഹു: കൃഷി വകുപ്പ് മന്ത്രി) |
| (എ)മണ്ണ് സംരക്ഷണ പദ്ധതിക്കായി പ്രതിവർഷം എന്തു തുക ചെലവഴിക്കുന്നുണ്ട് ; | (എ)ഏകദേശം 25 കോടിരൂപയോളം സോയിൽ കൺസർവേഷൻ വകുപ്പ് ചെലവഴിക്കുന്നുണ്ട്. |
| (ബി) വർഷകാലത്ത് ശക്തമായ മണ്ണൊലിപ്പ് ഉണ്ടാകുന്നതു തടയുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) ഭൂമിയുടെ ചരിവും വർഷപാത നിരക്കും കൂടുതലാകയാൽ സംസ്ഥാനത്ത് ഗൗരവമായ തോതിൽ മണ്ണൊലിപ്പ് ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ഭൂപരിപാലന വിനിയോഗ രീതികൾ ഈ പ്രവണതയെ നിയന്ത്രിക്കത്തക്കവിധത്തിൽ ഏകോപിതമല്ലായെന്നതും ഈ പ്രശ്നത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. മണ്ണൊലിപ്പും അനുബന്ധ പ്രശ്നങ്ങളും ലഘൂകരിക്കുന്നതിനും ഏറ്റവും ഫലപ്രദമായ സമീപനമെന്ന നിലയിൽ വാട്ടർഷെഡ് അടിസ്ഥാനത്തിൽ കാർഷിക-കാർഷികാനുബന്ധ മേഖലകളിലെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ധന ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. |

| | |
|---|---|
| (സി) സാധാരണ കൃഷിക്കാർക്ക് മണ്ണൊലിപ്പ് തടയുന്നതിനായി ഇടകയ്യാല നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകുന്നുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ ഇതിനായി പുതിയ ഒരു സ്കീം തയ്യാറാക്കുവാൻ സർക്കാർ തയ്യാറാകുമോ ? | (സി) യും (ഡി) യും<br>മണ്ണു സംരക്ഷണ വിഭാഗം വഴി വാട്ടർഷെഡ് അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ ബന്ധപ്പെട്ട മാർഗ്ഗ രേഖകൾ പ്രകാരം അർഹതയുള്ള കൃഷിക്കാർക്ക് ഇടകയ്യാല ഉൾപ്പെടെ വിവിധ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 353 — 09-07-2008-ന് വാങ്മൂലം മറുപടിയ്ക്ക്

## പാസ്പോർട്ടിനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി. ടി. അഹമ്മദ് അലി<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) | പുതിയ പാസ്പോർട്ടിനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ പോലീസ് വെരിഫിക്കേഷൻ ലോക്കൽ പോലീസിനെ ഏൽപ്പിച്ചത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | എ) | പോലീസ് വെരിഫിക്കേഷൻ ലോക്കൽ പോലീസിനെ ഏൽപ്പിച്ചത് 01-01-2008 മുതലാണ്.<br>ഉത്തരവിന്റെ പകർപ്പ് അനുബന്ധം- 1 പ്രകാരം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| ബി) | പല പോലീസ് സ്റ്റേഷനുകളിലും വ്യത്യസ്ത മാനദണ്ഡങ്ങളുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ വെരിഫിക്കേഷൻ നടത്തുന്നതു കാരണം വെരിഫിക്കേഷൻ റിപ്പോർട്ട് കൃത്യസമയത്ത് പാസ്പോർട്ട് ആഫീസിൽ എത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>എല്ലാ പോലീസ് സ്റ്റേഷനുകളിലും വെരിഫിക്കേഷൻ നടത്തുന്നത് ഒരേ മാനദണ്ഡത്തിലാണ് . വെരിഫിക്കേഷൻ റിപ്പോർട്ട് യഥാസമയം പാസ്പോർട്ട് ആഫീസിൽ എത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | പോലീസ് വെരിഫിക്കേഷൻ നടത്തുമ്പോൾ പോലീസ് പരിശോധനയ്ക്ക് വിധേയമാക്കേണ്ട രേഖകൾ എന്തൊക്കെയാണ് ; അതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ; പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇക്കാര്യങ്ങൾ പ്രസിദ്ധപ്പെടുത്താൻ തയ്യാറാകുമോ ? | സി) | പോലീസ് വെരിഫിക്കേഷൻ നടത്തുമ്പോൾ അപേക്ഷകന്റെ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, റവന്യൂ രേഖകൾ, വിദ്യാഭ്യാസയോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്. പോലീസ് വെരിഫിക്കേഷനുള്ള മാനദണ്ഡങ്ങൾ അനുബന്ധം -2 ൽ ചേർത്തിട്ടുണ്ട്. ഇക്കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**GOVERNMENT OF KERALA**

**Abstract**

Home Department – Police verification of passport application – revised procedure - sanctioned – Orders issued.

HOME (G) DEPARTMENT

G.O (Rt) No. 2390/2007/Home Dated, Thiruvananthapuram, 12-09-2007

Read:- Letter No. D3-19768/07 dtd. 26-6-07 from the Director General of Police, Thiruvananthapuram

## ORDER

The verification of passport applications in the State is now being conducted by two agencies of the State Police, viz. the District Special Branch as well as the State Special Branch CID. The District Special Branch conducts 'Address Verification' of the applicant, and also verifies as to whether the applicant has any criminal background or not, whereas the SBCID verifies as to whether the applicant is a black-listed character/whose journey out of India is prohibited due to legitimate reasons, etc. Considering the number of applications processed in the State nearly 1000 passport applications are to be verified by one District Special Branch personnel in addition to all other Law and Order, Intelligence and security related work. Due to heavy workload, the passport verification related work necessitates short cuts which encourages corrupt practices and makes field enquiries slipshod. This has also resulted in the District Special Branch officials neglecting their basic intelligence work.

A review is required in the existing procedure in view of the above facts and also the fact that the present system was devised when the number of passport applications was few and that no secret information was required and no other yardsticks were

applied for the verification of passport application. The Director General of Police in consultation with the Additional Director General of Police (Intelligence) has therefore proposed that the passport verification work now being done by the District Special Branch personnel may be divested from them and may be entrusted with the local police station due to the following reasons and suggested that the Deputy Superintendent of Police, District Special Branch can act as Nodal Agency for getting the field enquiries conducted through the concerned local police personnel.

1. Large number of Grade Head Constables and Assistant Sub Inspectors are now available in the police stations
2. Actual verification involve the verification of the local address and the details like involvement/ conviction in a crime case. The details of warrants pending are available in the police stations only
3. Whether the applicant is indulging in anti-social and anti-national activities is known to the police station and District Special Branch Office
4. The details of involvement in goonda/mafia activities are available in the police stations.
5. The details of permanent residence of the passport applicants can be easily verified by the police stations.
6. Test checking of passport verification reports by the Station House Officer (SHO), Circle Inspectors (CI) and Sub Divisional Police Officer (SDPO) should be ensured to keep the Passport verifying officers on the toes.

Government have examined the above proposal in detail and are pleased to order that the passport application verification work now being done by the District Special Branch personnel will be divested from them and entrusted to the local police station with immediate effect and the Deputy Superintendent of Police, Special Branch of each District will act as the Nodal Officer/Agency for the purpose of accepting and arranging field verification of passport applications through the local police personnel. The

Director General of Police will make necessary arrangements to implement the above procedure with immediate effect and to ensure that there will be no delay in sending Police Verification Reports of passport applications by the Local police personnel concerned.

By order of the Governor,

K.J. MATHEW
Additional Chief Secretary to Government

To

The Director General of Police, Thiruvananthapuram
The Additional Director General of Police (Intelligence),
Thiruvananthapuram
All Commissioners of Police .
All Superintendents of Police /Dy. Superintendents of Police
of District Special Branch of all Districts.
File /Stock file

Forwarded/ By order

Section Officer

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

### പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

1. അപേക്ഷകന്റെ പേരും വിലാസവും തിരിച്ചറിയുക
2. ഫോട്ടോ കണ്ട് തിരിച്ചറിയുക
3. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അപേക്ഷകൻ മറ്റു വല്ല വിലാസത്തിലും താമസിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയുക
4. അപേക്ഷകൻ ഇന്ത്യൻ പൗരനാണോ എന്ന് അറിയുക
5. മുൻപ് പാസ്പോർട്ടിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പാസ്പോർട്ട് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും വിദേശത്ത് പോയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയുക
6. ക്രിമിനൽ കേസ്സിൽ പ്രതിയാണൊ എന്നറിയുക
7. കഴിഞ്ഞ അഞ്ച് (5) വർഷത്തിനിടയിൽ വല്ല കേസിലും ശിക്ഷിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരം അറിയുക
8. ഏതെങ്കിലും കോടതിയിൽ നിന്നും സമൻസോ വാറണ്ടോ നില്വിലുണ്ടോ എന്നറിയുക
9. കേന്ദ്ര - സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥനാണോ എന്ന് അറിയുക
10. രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ഐക്യത്തിനും എതിരെ പ്രവർത്തിക്കുന്ന ആളാണോയെന്നറിയുക.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം.

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.354. | 9.7.2008 ൽ മറുപടിയ്ക്ക്. |

## രാസവള ദൗർലഭ്യം പരിഹരിക്കാൻ നടപടികൾ.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്.<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ജി.കാർത്തികേയൻ. | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഇപ്പോഴത്തെ രാസവള ദൗർലഭ്യം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.; | (എ) 1. ഫോസ്ഫേററ് അടങ്ങിയ വളങ്ങൾക്ക് പൊതുവിൽ ലഭ്യതക്കുറവ് ശ്രദ്ധ യിൽപ്പെട്ടപ്പോൾ തന്നെ വിവിധ വളം നിർമ്മാണ /വിതരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 2500 ടൺ രാജ്ഫോസ് എന്ന ഫോസ്ഫറസ് വളംഎത്തിക്കാൻ സംവിധാനമുണ്ടാക്കി.<br>(2.) ബഹു. കൃഷി വകുപ്പുമന്ത്രി നേരിട്ടും ഉദ്യോഗസ്ഥ തലത്തിലും വളം കമ്പനികളുമായി ചർച്ചകൾ നടത്തുകയും ഫാക്ടംഫോസിന് പകരം ഇഫ്കോ (IFFCO) കോംപ്ലക്സ് എത്തിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>(3)കോംപ്ലക്സ് വളങ്ങൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്നതിനെ തുടർന്ന് നേർവളങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു.<br>(4) 27.6.2008 ന് ന്യൂഡൽഹി യിൽ വളം മന്ത്രാലയത്തിൽ നടന്ന ചർച്ചയിൽ കാർഷികോൽപ്പാദന കമ്മീഷണർ ആവശ്യപ്പെട്ടതിനെ തുടർന്ന് ജൂലൈ മാസത്തിൽ ഇൻഡ്യൻ പൊട്ടാഷ് ലിമിററഡ് എന്ന കമ്പനിയിൽ നിന്നും 5000 ടൺ ഡൈ അമോണിയം ഫോസ്ഫേററും, എഫ്.എ.സി.ററിയിൽ നിന്നും 20000 ടൺ ഫാക്ടംഫോസും കേരളത്തിന് വിതരണം ചെയ്യുന്നതിന് കേന്ദ്ര രാസവളമന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) എഫ്.എ.സി.ററി.യിൽ ഉൽപ്പാദിപ്പിക്കുന്ന രാസവളം കേരളത്തിൽ കൂടുതലായി വിതരണം നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ.; | (ബി)ജൂലൈ മാസത്തിൽ 20000 ടൺ ഫാക്ടംഫോസ് കേരളത്തിൽ വിതരണം ചെയ്യുന്നതിന് എഫ്.എ.സി.ററിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി)രാസവളദൗർലഭ്യം പരിഹരിക്കുന്നതിന് മററു സംസ്ഥാനങ്ങളിലെ രാസവള നിർമ്മാണ കമ്പനികളുമായി കരാറുകൾ ഉണ്ടാക്കുമോ ; | (സി) കേരളത്തിൽ വളം വിതരണം ചെയ്യുന്നമററു സംസ്ഥാനങ്ങളിലെ രാസവളനിർമ്മാണ കമ്പനികളുടെ പ്രതിനിധികളുമായി എല്ലാ മാസവും കൃഷി ഡയറക്ടറേററിൽ ചർച്ച നടത്തുകയും അടുത്ത മാസത്തെ രാസവള ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) രാസവള ദൗർലഭ്യവും ഇതിന്റെ അമിതമായവിലവർദ്ധനവും പരിഹരിക്കുന്നതിനായി കൃഷി വകുപ്പിൽ പ്രത്യേക സെൽ പ്രവർത്തിപ്പിക്കണമെന്ന നിർദ്ദേശം പരിഗണിക്കുമോ? | (ഡി) വളം നിർമ്മാണ കമ്പനികളുടെ പ്രതിനിധികളുമായി എല്ലാ മാസവും ചർച്ച നടത്തുകയും അടുത്ത മാസത്തെ രാസവള ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിർദ്ദേശം സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ 09/07/2008- ൽ മറുപടിക്ക്

ചോദ്യം നമ്പർ - 355

### പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായക്ഷേമവും<br>വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് ലാപ്സാകാതിരിക്കാനും വകമാറ്റി ചെലവാക്കാതിരിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് വകമാറ്റി ചെലവാക്കാറില്ല. ഈ വിഭാഗങ്ങൾക്കായുള്ള പദ്ധതി വിഹിതം ലാപ്സാകാതിരിക്കുന്നതിന് പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുകയും സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതെ വരുന്നത് മോഡൽ റസിഡൻഷ്യൽ/ ആശ്രമ സ്കൂളുകൾ/ഹോസ്റ്റലുകൾ/മറ്റു പദ്ധതികൾ എന്നിവയുടെ ശീർഷകങ്ങളിൽ ശമ്പളം ഇനത്തിൽ വകയിരുത്തുന്ന തുകയും നിർമ്മാണ പ്രവർത്തനത്തിന് പൊതുമരാമത്തു വകുപ്പിന്റെ വർക്ക്സ് ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടേയും ഒരു ഭാഗം ചെലവഴിക്കാൻ കഴിയാതെ വരുന്നതു കൊണ്ടാണ്. ഇത്തരത്തിൽ ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കുന്നതിന് കൂടുതൽ ഫണ്ട് ആവശ്യമുള്ള പദ്ധതികളിലേക്ക് ധന: പുനർവിനിയോഗം നട |

<table>
<tr>
<td></td>
<td>ത്തുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. കൂടാതെ ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്ക് വകയിരുത്തുന്ന തുക സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽ തന്നെ ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു നൽകുകയും പദ്ധതികളുടെ പുരോഗതി എല്ലാ മാസവും ജില്ലാ/സംസ്ഥാന തലത്തിൽ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. തത്ഫലമായി കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ വൻ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.</td>
</tr>
<tr>
<td>(ബി) കഴിഞ്ഞ 3 വർഷത്തെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;</td>
<td>(ബി) (i) <u>പട്ടികജാതി വികസന വകുപ്പ്</u><br>(തുക ലക്ഷത്തിൽ)
<table>
<tr><th>വർഷം</th><th>പദ്ധതി വിഹിതം</th><th>ചെലവ്</th><th>ശതമാനം</th></tr>
<tr><td>2005-06</td><td>18651.70</td><td>13046.26</td><td>69.94</td></tr>
<tr><td>2006-07</td><td>19959.49</td><td>17273.58</td><td>86.54</td></tr>
<tr><td>2007-08</td><td>23057.00</td><td>22491.00</td><td>97.54</td></tr>
</table>
(ii). <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br>(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>ബഡ്ജറ്റ് വിഹിതം</th><th>ചെലവ്</th><th>ശതമാനം</th></tr>
<tr><td>2005-06</td><td>77.50</td><td>59.96</td><td>77.36</td></tr>
<tr><td>2006-07</td><td>83.06</td><td>76.10</td><td>91.62</td></tr>
<tr><td>2007-08</td><td>86.40</td><td>79.00</td><td>91.43</td></tr>
</table>
</td>
</tr>
</table>

| | |
|---|---|
| (സി) തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന എസ്.സി.പി., ടി.എസ്.പി. പരിപാടികളുടെ ഫണ്ട് വിനിയോഗത്തിൽ ഈ സർക്കാരിന്റെ കാലത്ത് വർദ്ധനവുണ്ടായിട്ടുണ്ടോ; | (സി) ഉണ്ട്.. എസ്.സി.പി. പദ്ധതി പ്രകാരം 2005-06-ൽ വിനിയോഗം 57.67 ശതമാനം ആയിരുന്നതു 2006-07-ൽ 85.61 ശതമാനവും 2007-08 വർഷത്തിൽ 84.66 ശതമാനവും ടി. എസ്. പി. പദ്ധതി പ്രകാരം 2005-06 - ൽ വിനിയോഗം 70 ശതമാനം അയിരുന്നതു 2006-07 വർഷം 83.31 ശതമാനവും 2007-08 വർഷം 87.66 ശതമാനവും ആയി ഉയർന്നു. |
| (ഡി) പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | (ഡി). പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിന് വിപുലവും കാര്യക്ഷമവുമായ സംവിധാനം നിലവിലുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയും ജില്ലാതലത്തിൽ വകുപ്പുകൾ മുഖേനയും നടത്തുന്ന പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ജില്ലാകളക്ടർമാർ അദ്ധ്യക്ഷനായുള്ള സമിതികളും സംസ്ഥാനതലത്തിൽ വകുപ്പു മന്ത്രിയും വകുപ്പു സെക്രട്ടറിയും വകുപ്പു അദ്ധ്യക്ഷനും പദ്ധതി നിർവ്വഹണ പുരോഗതി എല്ലാ മാസവും വിലയിരുത്തുകയും പദ്ധതി ത്വരിതപ്പെടുത്തുന്നതുനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വകുപ്പു മന്ത്രി മുൻകൈ എടുത്ത് എസ്.സി.പി., ടി.എസ്.പി. പദ്ധതികളുടെ പുരോഗതി എല്ലാ ജില്ലകളിലും വകുപ്പു സെക്രട്ടറി/അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ മൂന്നു തവണ പ്രത്യേകം അവലോകനം ചെയ്യുകയുണ്ടായി. കൂടാതെ സംസ്ഥാന തലത്തിലുള്ള മോണിറ്ററിംഗ് സെല്ലും സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനും പദ്ധതി നിർവ്വഹണം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. 2008-09 മുതൽ മറ്റു വകുപ്പുകൾക്ക് നോഷണൽ ഫ്ളോ ആയി നൽകുന്ന തുകയുടെ വിനിയോഗം ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 356 — 9.7.2008-ൽ മറുപടിയ്ക്ക്

### തോട്ടം മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.വി.ജെ.തങ്കപ്പൻ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതിന് വഴിയൊരുക്കുന്നതിനുമായി പല നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തോട്ടം നികുതിയും കാർഷികാദായ നികുതിയും ഒഴിവാക്കി, തേയില ഫാക്ടറികൾക്ക് വൈദ്യുതിയുടെ മിനിമം ഡിമാൻറ് ചാർജ്ജ് ഒഴിവാക്കി, ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കാൻ അനുവദിക്കുകയും ഇത് തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം നൽകുകയും ചെയ്തു. മേൽ പറഞ്ഞ നടപടികളുടെയും വിവിധ തലങ്ങളിൽ നിരന്തരം നടത്തിവന്ന അനുരഞ്ജന ശ്രമങ്ങളുടെയും ഫലമായി പൂട്ടിക്കിടന്ന 22 തേയില തോട്ടങ്ങളിൽ 5 എണ്ണം ഒഴികെയുള്ളവ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ തോട്ടം പ്രതിസന്ധിയിലായതുകാരണം ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ആശ്വാസം പ്രദാനം ചെയ്യുന്നതിനായി സർക്കാർ നേരിട്ട് സൗജന്യ റേഷൻ, ഉത്സവകാലത്ത് എക്സ്ഗ്രേഷ്യാ, ദുരിതമനുഭവിക്കുന്ന തോട്ടം തൊഴിലാളികൾക്ക് 1000/- രൂപാ വീതം ആശ്വാസ ധനസഹായം, പീരുമേട്ടിലെ തൊഴിലാളി ലയങ്ങളുടെ അറ്റകുറ്റപണികൾക്കായി ലയമൊന്നിന് 2000/- രൂപാ എന്നീ ആനുകൂല്യങ്ങൾ നൽകി. സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി അടഞ്ഞുകിടക്കുന്നതും പ്രതിസന്ധികളോടെ പ്രവർത്തനം തുടരുന്നതുമായ തോട്ട |

ങ്ങളുടെ റീപ്ലാൻറിംഗിനും പുനരുദ്ധാരണത്തിനുമായി കേന്ദ്ര സർക്കാർ, ടീ ബോർഡ് ചെയർമാൻ നോഡൽ ഓഫീസറായി ഒരു റിവൈവൽ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ പേരിലുള്ള ബാങ്ക് വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും പിഴപ്പലിശ ഒഴിവാക്കുകയും ചെയ്തു. ബാങ്ക് ലോണുകൾ ടേം ലോണുകളാക്കി മാറ്റാനും ടീ ബോർഡിൽ നിന്നുള്ള വായ്പകൾ ഒഴിവാക്കിക്കൊടുക്കാനും തീരുമാനിച്ചു. ഇ.പി.എഫ്.ഡാമേജുകൾക്ക് 5 വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുകയും അതിനുശേഷം 60 തുല്യ മാസ തവണകളായി ഡാമേജസ് നല്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തോട്ടം തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ വിതരണം നടത്തുന്നു. ആരോഗ്യപരിപാലനം, ലയങ്ങളുടെ അറ്റകുറ്റപ്പണി, ഉന്നതവിദ്യാഭ്യാസ ധനസഹായം, മാരകരോഗങ്ങൾ ബാധിച്ചവർക്ക് ധനസഹായം, പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹത്തിന് 10,000/- രൂപ ധനസഹായം എന്നിവ നൽകുന്നു. കൂടാതെ കമ്മിറ്റിക്ക് ഉചിതമെന്ന് ബോദ്ധ്യമാകുന്ന ആവശ്യങ്ങൾക്കും ധനസഹായം നൽകുന്നു.

(സി) തോട്ടം മേഖലയിൽ കുടിവെള്ളം, വൈദ്യുതി, ചികിത്സാ സഹായങ്ങൾ, കുട്ടികൾക്ക് പഠന സഹായം തുടങ്ങിയവയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(സി) തോട്ടം മേഖലയിൽ കുടിവെള്ളം, വൈദ്യുതി, ചികിത്സാ സഹായങ്ങൾ , കുട്ടികൾക്ക് പഠനസഹായം എന്നിവയ്ക്കായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി വഴിയും, അല്ലാതെയും നടപടികൾ സ്വീകരിച്ചുവരുന്നു.

പീരുമേട് താലൂക്കിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുന്നതിനായി 2.98 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചു. ഇതിന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 357 — 09.07.2008 ൽ മറുപടിയ്ക്ക്.

# കെ.ടി.ഡി.സി ഗ്രാമീണ മേഖലയിൽ ഹോട്ടലുകൾ തുടങ്ങാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>പ്രൊഫ.എൻ.ജയരാജ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ലാഭകരമാണോ; | (എ) കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനുകീഴിൽ പ്രവർത്തിക്കുന്ന മസ്കറ്റ് ഹോട്ടൽ, തിരുവനന്തപുരം; ഹോട്ടൽ സമുദ്ര, കോവളം; ആരണ്യനിവാസ് ഹോട്ടൽ, തേക്കടി; ലേക്ക് പാലസ്, തേക്കടി; വാട്ടർ സ്കേപ്സ്, കുമരകം; ടി കൗണ്ടി, മൂന്നാർ; പെരിയാർ ഹൗസ്, തേക്കടി; ഹോട്ടൽ ചൈത്രം, തിരുവനന്തപുരം; ബോൾഗാട്ടി പാലസ് ഹോട്ടൽ, കൊച്ചി; ഹോട്ടൽ നന്ദനം, ഗുരുവായൂർ എന്നീ ഹോട്ടലുകൾ ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) കോർപ്പറേഷനു കീഴിൽ പുതിയ ഹോട്ടലുകൾ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഹോട്ടലുകൾ ഗ്രാമീണ മേഖലയിൽ തുടങ്ങുമോ; | (ബി) കോർപ്പറേഷനു കീഴിൽ പുതുതായി രണ്ട് ഹോട്ടലുകൾ തുടങ്ങുന്നുണ്ട്. ചെന്നൈയിൽ കേരള ഹൗസും, മുഴുപ്പിലങ്ങാടിയിൽ ഒരു ബീച്ച് റിസോർട്ടും. (ഇത് ഒരു പഞ്ചായത്ത് പ്രദേശമാണ്). |
| (സി) ഇതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. |
| (ഡി) ഏതൊക്കെ ഗ്രാമങ്ങളാണ് ഇതിനായി തിരഞ്ഞെടുക്കാനുദ്ദേശിക്കുന്നത്;<br>(ഇ) ഈ ഹോട്ടലുകളിലൂടെ ചെലവു കുറഞ്ഞതും ഗുണമേന്മയുള്ളതുമായ ഭക്ഷണം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) & (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 358      09-07-2008 ൽ മറുപടിക്ക്

## ചൈനീസ് കമ്പനിയുമായി ചേർന്നു നടത്തിയ പദ്ധതികൾമൂലമുള്ള സാമ്പത്തിക നഷ്ടം

| ചോദ്യം<br>ശ്രീ. വർക്കല കഹാർ | | മറുപടി<br>മന്ത്രി എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ചൈനീസ് കമ്പനിയുമായി സംസ്ഥാന വൈദ്യുതി ബോർഡ് കരാറിൽ ഏർപ്പെട്ടു നടപ്പിലാക്കിയ ചെറുകിട വൈദ്യുത പദ്ധതികളുടെ നടത്തിപ്പിൽ ബോർഡിന് വൻ സാമ്പത്തിക നഷ്ടം നേരിട്ടതായ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | പത്താം പഞ്ചവത്സര പദ്ധതികാലത്ത് (2002-2007) സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചതും നടപ്പിലാക്കിയതുമായ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ അവലോകനം (Performance review) ചെയ്ത് സി&എ.ജി യുടെ 2008 മാർച്ച് 31 -ന് അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ റിപ്പോർ ട്ടിൽ 'നിർവ്വഹണ അവലോകനം' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കപ്പെട്ട കരട് രേഖയിൻമേൽ സർക്കാരിന്റെ അഭിപ്രായം എ.ജി. ആരാഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നൽകുന്ന വിശദീകരണങ്ങൾ കൂടി പരിഗണിച്ച് മാത്രമേ പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട അവലോകന റിപ്പോർട്ടിന് എ.ജി. അന്തിമ രൂപം നൽകുകയുള്ളൂ. |
| ബി) | ഈ പദ്ധതി നടത്തിപ്പിൽ എത്ര കോടി രൂപയുടെ നഷ്ടം ബോർഡിനുണ്ടായതായിട്ടാണ് എ.ജി. കണ്ടെത്തിയത്; | | |
| സി) | ഈ പദ്ധതികൾക്കായി ഒപ്പുവച്ച ധാരണാപത്രത്തിൽ എന്തൊക്കെ ക്രമക്കേടുകൾ സംഭവിച്ചതായാണ് എ.ജി. റിപ്പോർട്ട് ചെയ്തിരിക്കുന്നത്; | | |
| ഡി) | ചൈനീസ് കമ്പനിയുമായി ഇത്തരം കരാറിൽ ഏർപ്പെടുന്നതിന് ഇടനിലക്കാരായി പ്രവർത്തിച്ചത് ആരാണെന്ന് വ്യക്തമാക്കുമോ; അദ്ദേഹത്തെ ഈ പദ്ധതിയുടെ കരാർ നേടിയ ചൈനീസ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയുണ്ടായോ? | ഡി) | ഇടനിലക്കാരായി ആരും പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചൈനീസ് സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്റർ മുഖേനയാണ്. തുടർന്ന് ചൈന |

ആസ്ഥാനമായി ചെറുകിട ജലവൈദ്യുതി മേഖലയിൽ 1994 മുതൽ അന്താരാഷ്ട്രതലത്തിൽ പ്രവർത്തിച്ചു വരുന്നതും, യുനിഡോ (UNIDO), യു.എൻ.ഡി.പി. (UNDP), ഊർജ്ജമേഖല യിലെ വിവിധ അന്താരാഷ്ട്ര സംഘടനകൾ, ചൈനീസ് സർക്കാർ, രാജ്യാന്തരതലത്തിൽ സാങ്കേതിക സാമ്പത്തിക സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ യുടെ സംയുക്ത ഉടമസ്ഥതയിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിച്ചു വരുന്നതുമായ ഹാങ്ഷു ഇന്റർ നാഷണൽ സെന്റർ ഓൺ സ്മോൾ ഹൈഡ്രോ പവർ (HIC/IN-SHP) എന്ന അന്താരാഷ്ട്ര സംഘടനയുമായി പദ്ധതി കളുടെ നടത്തിപ്പിനായി ധാരണാ പത്രവും, പദ്ധതിയുടെ രൂപകല്പന, എഞ്ചിനീയറിംഗ്, പദ്ധതി മേൽനോട്ടം, ആവശ്യമായ സാധന സാമഗ്രികൾ/ഉപകരണങ്ങൾ നൽകുക എന്നിവയ്ക്ക് കരാറും ഒപ്പു വച്ചിരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 359

09-07-2008-ലെ മറുപടിക്ക്

### അധിക ഡെപ്പോസിറ്റ് വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽകുമാർ, എം. എൽ. എ. | ശ്രീ. എ. കെ. ബാലൻ (ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ. വൈദ്യുതി അധിക ഡെപ്പോസിറ്റ് പിരിവ് നടത്തുമ്പോൾ എന്തൊക്കെ വ്യവസ്ഥകൾ പാലിക്കണമെന്നാണ് റഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളത് ; | എ. സപ്ലൈകോഡ്, 2005 വകുപ്പ് 13(5) പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസ കാലയളവിൽ മുൻ വർഷത്തെ ശരാശരി പ്രതിമാസ വൈദ്യുതി ഉപഭോഗം അടിസ്ഥാനമാക്കി നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പരിശോധിച്ച് പ്രതി മാസ ബില്ലിംഗ് വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താവിന് രണ്ടു മാസത്തെ ബിൽ തുകയ്ക്ക് തുല്യമായ തുകയും, ദ്വൈമാസ ബില്ലിംഗ് വിഭാഗത്തിലെ ഉപഭോക്താക്കൾക്ക് മൂന്നുമാസത്തെ ബിൽ തുകയ്ക്ക് തത്തുല്യമായ തുകയും ഡെപ്പോസിറ്റായി നിലനിൽക്കുന്നുണ്ടോയെന്നു പരിശോധിയ്ക്കേണ്ടതാണ്. ഇപ്രകാരം കണക്കാക്കപ്പെടുന്ന ഡെപ്പോസിറ്റ് തുകയേക്കാൾ കുറവാണ് നിലവിലുള്ള ഡെപ്പോസിറ്റ് തുകയെങ്കിൽ അപ്രകാരം കുറവു വരുന്ന തുക അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| ബി. ഈ നിർദ്ദേശങ്ങൾ കെ. എസ്. ഇ. ബി കർശനമായി പാലിക്കാറുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ; | ബി. പാലിക്കാറുണ്ട്. |
| സി. അധിക ഡെപ്പോസിറ്റുകൾ കെ. എസ്. ഇ. ബി. ഇപ്പോഴും ഉപഭോക്താക്കളിൽ നിന്നും ഈടാക്കാറുണ്ടോ; എങ്കിൽ ഇത് റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ളതാണോ എന്നു വെളിപ്പെടുത്തുമോ ? | സി. ഈടാക്കാറുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 2005 ൽ 13(5) പ്രകാരം ബോർഡ് എല്ലാ ഉപഭോക്താക്കളുടെയും നിലവിലുള്ള ഡെപ്പോസിറ്റ് തുക വിലയിരുത്തി അതു കുറവാണെന്നു കണ്ടാൽ അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 360 | 09.07.2008 ൽ മറുപടിയ്ക്ക്

## വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.കെ.സി.വേണുഗോപാൽ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ജല താപ വൈദ്യുത പദ്ധതികൾക്കു പുറമെ എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കണമെന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളത് ; | (എ) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ജല താപ വൈദ്യുത പദ്ധതികൾക്കു പുറമെ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി അനെർട്ട് നൽകിവരുന്നു. അനെർട്ടും വൈദ്യുതി ബോർഡും ചേർന്ന് ഏതാണ്ട് 5 മെഗാവാട്ടിന്റെ കാറ്റാടിപ്പാടം സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഇതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ ലക്ഷ്യമിട്ട് 06.11.2004 ൽ ജി.ഓ(എം.എസ്) 23/04/പി.ഡി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 11.06.2007 ലെ ജി.ഓ (എം.എസ്) 7/2007/പി.ഡി ഉത്തരവ് പ്രകാരം മേൽമാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പുതുക്കിയ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ, കാറ്റിന്റെ ലഭ്യതപഠനവിധേയമാക്കിയ അനെർട്ട് ഇടുക്കി, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലായി 17 സ്ഥലങ്ങൾ പവന വൈദ്യുതോല്പാദനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |

2602



ഇതു പ്രകാരം സ്വകാര്യ മേഖലയിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി അനെർട്ട് നൽകിവരുന്നു. അഗളിയിൽ 19.8 മെഗാവാട്ടിന്റെ പദ്ധതിയിൽ 18.6 മെഗാവാട്ടിനും ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 15 മെഗാവാട്ട് പദ്ധതിയിൽ 12 മെഗാവാട്ടിനും അനെർട്ട് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സ്വകാര്യ സംരംഭകരിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ കെ.എസ്.ഇ.ബി. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഒപ്പു വച്ചു.. അനെർട്ടും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും ചേർന്നുള്ള കാറ്റാടിപ്പാടത്തിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇത്തരം പുതിയ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്?

(സി) മേൽപറഞ്ഞ പുതിയ പദ്ധതികൾ പൂർത്തിയാകുമ്പോൾ 34.8 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനെർട്ടും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും ചേർന്ന് നടപ്പിലാക്കുന്ന കാറ്റാടിപ്പാടത്തിന്റെ ശേഷി 3.5 - 5 മെഗാവാട്ട് ആയിരിക്കും.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.